# സഹ്യനാദം

Vol. 12 No. 6 June 2015


## C. 18 കുടുംബങ്ങളിൽ വളരേണ്ട ആശയവിനിമയ സംസ്കാരം

### നാല്പത്തിഒമ്പതാം ലോകസമ്പർക്കമാധ്യമദിനത്തോട നുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

### മാധ്യമദിനം 7 ജൂൺ 2015

കുടുംബം സഭയുടെ മുഖ്യ വിചിന്തനവിഷയമാണ്. രണ്ടു സിനഡുകളുടെ വിഷയംകൂടിയാണത്: അടുത്തകാലത്തുനടന്ന അസാധാരണ സമ്മേളനത്തിന്റെയും അടുത്ത ഒക്ടോബറിൽ നട ക്കാനിരിക്കുന്ന സാധാരണ സമ്മേളനത്തിന്റെയും. അതുകൊണ്ട് ഈ ലോകസമ്പർക്കമാധ്യമദിനാചരണത്തിന്റെ ചിന്താവിഷയം കുടുംബ മായിരിക്കുക ഉചിതമാണെന്ന് എനിക്കു തോന്നി. ആശയവിനിമയം ചെയ്യേണ്ടത് എങ്ങനെയെന്നു നാം ആദ്യമായി പഠിക്കുന്നത് കുടും ബാന്തരീക്ഷത്തിലാണല്ലോ. കൂടുതൽ ശ്രദ്ധചെലുത്തിയാൽ നമ്മുടെ ആശയവിനിമയം ആത്മാർത്ഥവും മാനുഷികവുമാക്കിത്തീർക്കാൻ കഴിയും. കുടുംബത്തെ പുതിയൊരു വീക്ഷണകോണിലൂടെ നോക്കി ക്കാണാനും അതു സഹായകമാകും.

കന്യകാമറിയം എലിസബത്തിനെ സന്ദർശിച്ചതിനെ സംബ ന്ധിച്ച് സുവിശേഷം നല്കുന്ന വിവരണത്തിൽനിന്ന് (ലൂക്ക 1:39-56) നമുക്കു പ്രചോദനം സ്വീകരിക്കാം. "മറിയത്തിന്റെ അഭിവാദനം കേട്ട പ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസ ബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു: "നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനു ഗൃഹീതം" (ലൂക്ക 1:41-42).



**സമ്പർക്കത്തിന്റെ 'പ്രഥമ വിദ്യാലയം'**

ആശയവിനിമയം എങ്ങനെ *ശരീരത്തിന്റെ ഭാഷയോടു ചേർന്നതായിരിക്കുന്നു*വെന്ന് ഈ സംഭവം ഒന്നാമതായി കാണിക്കു ന്നു. മറിയത്തിന്റെ അഭിവാദനത്തോടുള്ള പ്രഥമ പ്രത്യുത്തരം എലി സബത്തിന്റെ ഉദരത്തിൽ കുതിച്ചുചാടിയ ശിശു ആണ് നല്കുന്നത്. മറ്റുള്ളവരെ കണ്ടുമുട്ടൽ നാം ജനിക്കുന്നതിനുമുമ്പേ തുടങ്ങുന്നു. ഒരർത്ഥത്തിൽ അത് സമ്പർക്കത്തിന്റെ മറ്റെല്ലാ രൂപങ്ങളുടെയും ആദി മമാതൃകയും പ്രതീകവുമാണ്. നമുക്ക് ആതിഥ്യമരുളുന്ന ഉദരം സമ്പർക്കത്തിന്റെ "പ്രഥമ വിദ്യാലയ"മാണ്. അത് ശ്രവിക്കലിന്റെയും ശാരീരികമായ ബന്ധപ്പെടലിന്റെയും സ്ഥലമാണ്. സുരക്ഷിതസാഹ ചര്യത്തിലായിരുന്നുകൊണ്ട് ബാഹ്യലോകത്തെ പരിചയപ്പെടാൻ തുട ങ്ങുന്നത് അവിടെവച്ചാണ്. മാതാവിന്റെ ഹൃദയസ്പന്ദനം നല്കുന്ന ഉറപ്പോടെയാണതു സംഭവിക്കുന്നത്. രണ്ടു വ്യക്തികൾ തമ്മിൽ നട ത്തുന്ന ഈ കണ്ടുമുട്ടൽ, പരസ്പരം അവഗാഢം ബന്ധപ്പെട്ടതും എന്നാൽ പരസ്പരം വേർപെട്ടുനില്ക്കുന്നതും വാഗ്ദാനം നിറഞ്ഞ തുമായ ഈ കണ്ടുമുട്ടൽ, സമ്പർക്കത്തെ സംബന്ധിച്ച നമ്മുടെ ആദ്യത്തെ അനുഭവമാണ്.

ഈ ലോകത്തിലേക്കു വന്നതിനുശേഷവും ഒരർത്ഥത്തിൽ നമ്മൾ കുടുംബമാകുന്ന ഉദരത്തിലാണ്. പരസ്പരം ബന്ധപ്പെട്ട വ്യത്യ സ്തരായ വ്യക്തികളെക്കൊണ്ടു നിർമ്മിതമായിരിക്കുന്ന ഉദരമാണ ത്. "നമുക്ക് വ്യത്യസ്തതകളുണ്ടെങ്കിലും മറ്റുള്ളവരോടൊപ്പം നാം ജീവിക്കാൻ പഠിക്കുന്ന ഇടമാണു കുടുംബം" (സുവിശേഷത്തിന്റെ സന്തോഷം, 66). കുടുംബാംഗങ്ങൾ ലൈംഗികവ്യത്യാസവും പ്രായ വ്യത്യാസവുമുള്ളവരാണെങ്കിലും അവർ തമ്മിൽ ബന്ധമുള്ളതു കൊണ്ട് അവർ പരസ്പരം സ്വീകരിക്കുന്നു. ബന്ധങ്ങളുടെ മണ്ഡല ത്തിന്റെ വ്യാപ്തിയും പ്രായത്തിന്റെ വ്യത്യാസവും വർദ്ധിക്കുന്നത നുസരിച്ച് നമ്മുടെ ജീവിതപരിസ്ഥിതിയുടെ സമ്പന്നത വർദ്ധിച്ചുകൊ ണ്ടിരിക്കും. ഭാഷയുടെ പേരിലുള്ള ബന്ധമാണ്, യോജിപ്പാണ് ബന്ധത്തെ ശക്തിപ്പെടുത്തുന്നത്. നാം നമ്മുടെ ഭാഷയെ സൃഷ്ടി ക്കുന്നില്ല. നമുക്ക് അത് ഉപയോഗിക്കാം. കാരണം, നാം അതു സ്വീക

രിച്ചു. നാം കുടുംബത്തിൽവച്ചാണ് മാതൃഭാഷ സംസാരിക്കാൻ പഠിക്കുന്നത്. നമുക്കു മുമ്പേ പോയവർ ഉപയോഗിച്ചിരുന്ന ഭാഷയാണത് (cf 2 മക്ക 7:25,27). മറ്റുള്ളവർ നമുക്കുമുമ്പേ പോയെന്നും നമ്മുടെ അസ്തിത്വം അവർ സാധ്യമാക്കിത്തീർത്തുവെന്നും നമ്മൾ ജീവനെ ഉത്പാദിപ്പിക്കുകയും നല്ലതും സുന്ദരവുമായ എന്തെങ്കിലും ചെയ്യണമെന്നും കുടുംബത്തിൽവച്ച് മനസ്സിലാക്കുന്നു. നമുക്കു നല്കാൻ കഴിയും. എന്തെന്നാൽ നാം സ്വീകരിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള സമ്പർക്കവും അന്യരുമായുള്ള സമ്പർക്കവും നടത്താൻ കുടുംബത്തിനുള്ള കഴിവിന്റെ കേന്ദ്രത്തിലാണ് ഗുണകരമായ ഈ വൃത്തം നിലകൊള്ളുന്നത്. പൊതുവേ പറഞ്ഞാൽ അത് എല്ലാ സമ്പർക്കങ്ങളുടെയും മാതൃകയാണ്.

നമുക്കു "മുമ്പേ പോകുന്ന" ഈ ബന്ധത്തിന്റെ അനുഭവം നമുക്കു കൈമാറിക്കിട്ടിയ പ്രാർത്ഥനയാകുന്ന സമ്പർക്കത്തിന്റെ, ഏറ്റവും അടിസ്ഥാനപരമായ രൂപത്തിന്റെ, സാഹചര്യമാകാൻ കുടുംബത്തെ ശക്തമാക്കുന്നു. മാതാപിതാക്കന്മാർ നവജാതശിശുക്കളെ ഉറക്കാൻ കിടത്തുമ്പോൾ മിക്കപ്പോഴും അവരെ അവർ ദൈവത്തിനു സമർപ്പിക്കുകയും അവരെ സൂക്ഷിക്കാൻ ദൈവത്തോടു യാചിക്കുകയും ചെയ്യുന്നു. ശിശുക്കൾക്കു കുറച്ചു പ്രായമാകുമ്പോൾ ലളിതമായ ചില പ്രാർത്ഥനകൾ ചൊല്ലാൻ മാതാപിതാക്കന്മാർ അവരെ പഠിപ്പിക്കുന്നു. മാതാപിതാക്കളുടെ മാതാപിതാക്കൾ, ബന്ധുക്കൾ, രോഗാതുരർ, സഹിക്കുന്നവർ മുതലായവരെയും ദൈവത്തിന്റെ സഹായം ആവശ്യമുള്ള സകലരെയും ഓർമ്മിച്ചുകൊണ്ടു അങ്ങനെ ചെയ്യാൻ പഠിപ്പിക്കുന്നു. നമ്മിൽ ഭൂരിപക്ഷംപേരും സമ്പർക്കത്തിന്റെ മതാത്മകമാനം പഠിച്ചത് നമ്മുടെ കുടുംബങ്ങളിൽ വച്ചാണ്. ആ മാനമാകട്ടെ, ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം സ്നേഹം നിറഞ്ഞതാണ്; ദൈവം നമ്മിലേക്ക് ചൊരിയുന്നതും നമ്മൾ മറ്റുള്ളവർക്ക് നല്കുന്നതുമായ സ്നേഹം തന്നെ.

പരസ്പരം ആശ്ലേഷിക്കാനും പിന്താങ്ങാനും മുഖഭാവങ്ങളുടെയും നിശ്ശബ്ദനിമിഷങ്ങളുടെയും അർത്ഥം ഗ്രഹിക്കാനും പരസ്പരം അംഗീകരിക്കാത്തവരും എന്നാലും പരസ്പരപ്രാധാന്യമുള്ളവരുമായ വ്യക്തികളോടൊപ്പം ചിരിക്കാനും കരയാനും കുടുംബത്തിൽ നാം പഠിക്കുന്നു. അംഗീകരിക്കലും അടുപ്പം സൃഷ്ടിക്കലുമെന്നനിലയിലുള്ള സമ്പർക്കത്തിന്റെ അർത്ഥം ഗ്രഹിക്കാൻ ഇത് വളരെയേറെ സഹായിക്കുന്നുണ്ട്. കൂടുതൽ അടുക്കുകയും പരസ്പരം സ്വീകരിക്കുകയും ചെയ്തുകൊണ്ട് അകല്ച്ച കുറയ്ക്കുമ്പോൾ നാം കൃതജ്ഞതയും സന്തോഷവും അനുഭവിക്കുന്നു. മറിയത്തിന്റെ അഭിവാദനവും ശിശുവിന്റെ ചലനവും എലിസബത്തിന് അനുഗ്രഹമാണ്. അവയെത്തുടർന്ന് മനോഹരമായ മഹത്ത്വകീർത്തനം ആലപിക്കുന്നു. അതിൽ മറിയം തനിക്കും തന്റെ ജനതയ്ക്കുംവേണ്ടിയുള്ള ദൈവികപദ്ധതിയെ സ്തുതിക്കുന്നു. വിശ്വാസത്തോടുകൂടി പറയപ്പെടുന്ന "അതേ" എന്നതിന് ലോകത്തിൽ, നമ്മുടെയും നമ്മുടെ സ്ഥലത്തിന്റെയും അപ്പുറത്ത്, ഫലങ്ങൾ ഉളവാക്കാൻ കഴിയും.

സന്ദർശിക്കുകയെന്നത് വാതിലുകൾ തുറന്നിടലാണ്; നമ്മുടെ ചെറിയ ലോകത്ത് അടച്ചുപൂട്ടിക്കഴിയാതെ ബാഹ്യലോകത്തുള്ള മറ്റുള്ളവരിലേക്ക് പുറപ്പെടലാണ്. അതുപോലെതന്നെയാണ് കുടുംബവും. അത് തന്നിൽനിന്നു പുറത്തേക്കുപോകുമ്പോൾ സജീവമായിത്തീരുന്നു. അങ്ങനെ ചെയ്യുന്ന കുടുംബങ്ങൾ അവയുടെ ജീവസന്ദേശം കൈമാറുന്നു. കൂടുതൽ ദുർബലമായ കുടുംബങ്ങൾക്ക് ആശ്വാസവും പ്രത്യാശയും നല്കിക്കൊണ്ട് അങ്ങനെ ചെയ്യുന്നു. അങ്ങനെ കുടുംബങ്ങളുടെ കുടുംബമായ സഭയെ പടുത്തുയർത്തുന്നു.

**ക്ഷമയുടെ വിദ്യാലയം - കുടുംബം**

നമ്മുടെയും മറ്റുള്ളവരുടെയും പരിമിതികളും മറ്റുള്ളവരോടൊത്ത് സമാധാനപൂർവം ജീവിക്കുന്നതിലുണ്ടാകുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളും കുടുംബത്തിൽവച്ചാണ് അനുദിനം നാം കൂടുതലായി അനുഭവിക്കുന്നത്. പരിപൂർണതയുള്ള കുടുംബമില്ല. അപൂർണതകളെയോ ദൗർബല്യത്തെയോ സംഘട്ടനത്തെപ്പോലുമോ നമ്മൾ ഭയപ്പെടേണ്ടതില്ല. എന്നാൽ അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നാം പഠിക്കണം. പരിമിതികളും പാപങ്ങളുമുണ്ടെങ്കിലും

പരസ്പരസ്നേഹം നിലനിറുത്തുന്ന കുടുംബം അങ്ങനെ ക്ഷമിക്കലിന്റെ വിദ്യാലയമായിത്തീരും. ക്ഷമ തന്നെ സമ്പർക്കത്തിന്റെ ഒരു പ്രക്രിയയാണ്. അനുതാപം പ്രകടിപ്പിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമ്പോൾ തകർന്ന സമ്പർക്കത്തെ പുനഃസ്ഥാപിക്കാൻ സാധിക്കും. മറ്റുള്ളവരെ ശ്രവിക്കാനും ബഹുമാനപൂർവം സംസാരിക്കാനും മറ്റുള്ളവരുടെ വീക്ഷണത്തെ നിഷേധിക്കാതെ സ്വന്തം വീക്ഷണം പ്രകടിപ്പിക്കാനും കുടുംബത്തിൽ പഠിച്ച കുട്ടി സമൂഹത്തിൽ സംവാദത്തിനും അനുരഞ്ജനത്തിനുമുള്ള ഒരു ശക്തിയായിത്തീരും. ശാരീരികമോ മാനസികമോ ആയ ഒരു പരിമിതി തനിയേ അടച്ചുപൂട്ടിയിരിക്കാനുള്ള കാരണമാകാം. എന്നാൽ അത് കാരണവന്മാരുടെയും കുട്ടികളുടെയും സുഹൃത്തുക്കളുടെയും സ്നേഹം വഴി എല്ലാവരുമായുള്ള തുറവിക്കും പങ്കുവയ്ക്കലിനും സമ്പർക്കത്തിനുമുള്ള പ്രേരണയുമാകാം. വിദ്യാലയങ്ങളും ഇടവകകളും സംഘടനകളും കൂടുതൽ സ്വാഗതം ചെയ്യുന്നവയും എല്ലാവരെയും ഉൾപ്പെടുത്തുന്നവയും ആകാൻ അതു സാധിക്കും.

ആളുകൾ മിക്കപ്പോഴും ശപിക്കുകയും ചീത്തപറയുകയും മറ്റുള്ളവരെക്കുറിച്ചു അപവാദങ്ങൾ പറയുകയും അനൈക്യം വിതയ്ക്കുകയും അപവാദപ്രചാരണംവഴി നമ്മുടെ മാനുഷിക പരിസ്ഥിതിയെ വിഷമയമാക്കുകയും ചെയ്യുന്ന ഒരു ലോകത്തിൽ സമ്പർക്കത്തെ ഒരു അനുഗ്രഹമെന്ന നിലയിൽ നമ്മെ പഠിപ്പിക്കാൻ കുടുംബത്തിനു കഴിയും. വിദ്വേഷവും അക്രമവും ആധിപത്യം പുലർത്തുന്നതായി തോന്നുന്ന സാഹചര്യങ്ങളുണ്ടാകാം. കുടുംബങ്ങൾ തമ്മിൽ കരിങ്കൽ മതിലുകൾകൊണ്ടു വേർതിരിക്കപ്പെട്ടിരിക്കാം. മുൻവിധിയുടെയും പകയുടെയും അഭേദ്യമായ മതിലുകൾകൊണ്ടു അവ വേർതിരിക്കപ്പെട്ടിരിക്കാം. മതിയെന്നുപറയാൻ തക്ക കാരണങ്ങളുണ്ടാകാം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ശപിക്കലിനേക്കാൾ അനുഗ്രഹിക്കൽകൊണ്ടും തള്ളിക്കളയുന്നതിനെക്കാൾ സന്ദർശനംകൊണ്ടും, യുദ്ധംചെയ്യുന്നതിനെക്കാൾ സ്വീകരണംകൊണ്ടും തിന്മയുടെ ചക്രത്തെ തകർക്കാൻ നമുക്കു കഴിയും. നന്മയ്ക്ക് എപ്പോഴും സാധ്യതയുണ്ടെന്നു കാണിക്കാനാവുന്നത്, സൗഹൃദത്തെപ്പറ്റി നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നതുവഴിയാണ്.



**നവമാധ്യമങ്ങളുടെ നൂതനസാധ്യതകൾ**

ഇന്ന് ആധുനികസമ്പർക്കമാധ്യമങ്ങൾ ജീവിതത്തിന്റെ പ്രത്യേകിച്ച്, യുവജനങ്ങളുടെ ജീവിതത്തിന്റെ ഒരു അടിസ്ഥാനഘടകമായിരിക്കുന്നു. അവ കുടുംബത്തിലും കുടുംബങ്ങൾ തമ്മിലുമുള്ള സമ്പർക്കത്തിന് സഹായകമാകാം. അതുപോലെതന്നെ തടസ്സവുമാകാം. മറ്റുള്ളവരെ കേൾക്കാതിരിക്കാനും ശാരീരികസമ്പർക്കം ഒഴിവാക്കാനും നിശ്ശബ്ദതയുടെയും വിശ്രമത്തിന്റെയും ഓരോ നിമിഷവും നിറയ്ക്കാനും മാധ്യമങ്ങൾ ഇടയാക്കുമ്പോൾ അവ തടസ്സങ്ങളാണ്. "നിശ്ശബ്ദത സമ്പർക്കത്തിന്റെ ഒരു മൗലികഘടകമാണ്". അതില്ലെങ്കിൽ ഉള്ളടക്കംകൊണ്ടു സമ്പന്നമായ വാക്കുകൾ ഉണ്ടാവുകയില്ല(ബെനഡിക്റ്റ് 15-ാമൻ, 2012 ലോകമാധ്യമദിനസന്ദേശം) എന്ന തത്ത്വം നാം അങ്ങനെ മറക്കാൻ ഇടയാകുന്നു. ആളുകൾക്ക് അവരുടെ കഥകൾ പങ്കുവയ്ക്കാനും അകലെയുള്ള സുഹൃത്തുക്കളുമായി സമ്പർക്കത്തിൽ കഴിയാനും മറ്റുള്ളവർക്ക് നന്ദിപറയാനും മറ്റുള്ളവരോടു ക്ഷമചോദിക്കാനും പുതിയ കണ്ടുമുട്ടലുകൾക്കായി കവാടങ്ങൾ തുറക്കാനും ഇടയാകുമ്പോൾ സമ്പർക്കത്തെ സഹായിക്കാൻ മാധ്യമങ്ങൾക്കു കഴിയും. മറ്റുള്ളവരെ കണ്ടുമുട്ടുന്നതിന്റെ വലിയ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധത്തിൽ നാം അനുദിനം വളരുമ്പോൾ, ഈ "പുതിയ സാധ്യതകൾക്ക്" നാം സാങ്കേതികവിദ്യ വിവേകപൂർവം ഉപയോഗിക്കണം. അവയാൽ കീഴടക്കപ്പെടാൻ അനുവദിക്കരുത്. ഇവിടെയും മാതാപിതാക്കളാണ് ആദ്യത്തെ അധ്യാപകർ. പക്ഷേ, അവരെ അവരുടെ സ്വന്തം കല്പനാചാതുര്യത്തിനു വിട്ടുകൊടുക്കാൻ പറ്റുകയില്ല. ക്രൈസ്തവസമൂഹം അവരെ സഹായിക്കാൻ കടപ്പെട്ടിരിക്കുന്നു. മനുഷ്യമഹത്ത്വത്തിനും പൊതുനന്മയ്ക്കായുള്ള സേവനത്തിനും അനുസൃതമായി സമ്പർക്കമാധ്യമസാഹചര്യത്തിൽ എങ്ങനെ ജീവിക്കണമെന്ന് കുട്ടികളെ പഠിപ്പിക്കാൻ മാതാപിതാക്കന്മാർ സഹായിക്കപ്പെടണം.

ഇന്നു നാം നേരിടുന്ന വലിയ വെല്ലുവിളി ഇതാണ്: വിവരങ്ങൾ സൃഷ്ടിക്കുകയും വിഴുങ്ങുകയും ചെയ്യാതെ പരസ്പരം എങ്ങനെ സംസാരിക്കാൻ കഴിയുമെന്നു പഠിക്കുക. പ്രാധാന്യവും

സ്വാധീനശക്തിയുള്ള ആധുനിക സമ്പർക്കമാധ്യമങ്ങൾക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന സംഗതിയാണ് വിവരങ്ങൾ സൃഷ്ടിക്കുകയും വിഴുങ്ങുകയും ചെയ്യുകയെന്നത്. വിവരം സുപ്രധാനമാണ്. പക്ഷേ, അതുമാത്രം മതിയാവുകയില്ല, മിക്കപ്പോഴും വസ്തുതകൾ ലളിതമാക്കപ്പെടുന്നു. വ്യത്യസ്ത നിലപാടുകളും വീക്ഷണങ്ങളും പരസ്പരവിരുദ്ധങ്ങളാക്കപ്പെടുന്നു. കാര്യങ്ങൾ മുഴുവനായി കാണാൻ ശ്രമിക്കാതെ ഏതെങ്കിലും പക്ഷംചേരാൻ ആളുകൾ ക്ഷണിക്കപ്പെടുന്നു.

ചുരുക്കത്തിൽ, കുടുംബം വാദപ്രതിവാദത്തിന്റെയോ പ്രത്യയശാസ്ത്രപരമായ ലഹളയുടെയോ വിഷയമല്ല. പിന്നെയോ അടുപ്പത്തിന്റെ അനുഭവത്തിൽ നാം സമ്പർക്കം പുലർത്താൻ പഠിക്കുന്ന ഒരു പരിസ്ഥിതിയാണ്, സമ്പർക്കം നടക്കുന്ന സാഹചര്യമാണ്, “സമ്പർക്കം നടത്തുന്ന ഒരു കൂട്ടായ്മ”. കുടുംബം സഹായം നല്കുന്നതും ജീവനെ ആഘോഷിക്കുന്നതും ഫലപൂർണതയുള്ളതുമായ ഒരു സമൂഹമാണ്. ഇക്കാര്യം നാം മനസിലാക്കിയാൽ, കുടുംബം സമ്പന്നമായ മാനുഷിക വിഭവശേഷിയായി തുടരുന്നതെങ്ങനെയെന്നു നമുക്കു വീണ്ടും ഗ്രഹിക്കാൻ കഴിയും, ഒരു പ്രശ്നമോ വിഷമസ്ഥിതിയിലുള്ള ഒരു സ്ഥാപനമോ അല്ലാതിരിക്കുന്നത് എന്നു മനസ്സിലാക്കാൻ കഴിയും. പലപ്പോഴും മാധ്യമങ്ങൾ കുടുംബത്തെ ഒരു സജീവ യാഥാർത്ഥ്യമെന്നതിനെക്കാൾ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാവുന്ന, സംരക്ഷിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യാവുന്ന ഒരുതരം അമൂർത്ത മാതൃകയായി അവതരിപ്പിക്കാനുള്ള പ്രവണത കാണിക്കുന്നു. അല്ലെങ്കിൽ, സ്വീകരിക്കുകയും തിരിച്ചു നല്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ, സമ്പർക്കം നടത്തുന്നതിന്റെ അർത്ഥമെന്തെന്ന്

നമുക്കു പഠിക്കാൻ കഴിയുന്ന വേദിയെന്നതിനെക്കാൾ പ്രത്യയശാസ്ത്രപരമായ സംഘട്ടനങ്ങളുടെ വേദിയായി ചിത്രീകരിക്കുന്നു. നമ്മുടെ അനുഭവങ്ങളെ ബന്ധപ്പെടുത്തുകയെന്നതിന്റെ അർത്ഥം ഒരു വസ്തുത ഗ്രഹിക്കുകയെന്നതാണ്. അതായത്, നമ്മുടെ ജീവിതം ഒറ്റ യാഥാർത്ഥ്യമായിരിക്കുന്നു. നമുക്ക് അനേകം ശബ്ദങ്ങളുണ്ട്. അവയിൽ ഓരോന്നും അതുല്യമാണ്.



കുടുംബങ്ങളെ സമൂഹത്തിന്റെ പ്രശ്നമെന്നതിനെക്കാൾ സമൂഹത്തിന്റെ വിഭവശേഷിയായി കാണണം. സ്ത്രീയും പുരുഷനും തമ്മിലും മാതാപിതാക്കളും കുട്ടികളും തമ്മിലും ഉള്ള ബന്ധത്തിന്റെ സൗന്ദര്യത്തിനും സമ്പന്നതയ്ക്കും സാക്ഷ്യം നല്കിക്കൊണ്ട് കുടുംബങ്ങൾ ഏറ്റവും നന്നായും സജീവമായും സമ്പർക്കം പുലർത്തുന്നു. നമ്മൾ ഭൂതകാലത്തെ രക്ഷിക്കാൻവേണ്ടി യുദ്ധം ചെയ്യുകയല്ല. പിന്നെയോ ക്ഷമയോടും ആത്മവിശ്വാസത്തോടുംകൂടി, നാം ജീവിക്കുന്ന ലോകത്തിനായി കൂടുതൽ നല്ല ഭാവി പടുത്തുയർത്താൻ അധ്വാനിക്കുകയാണ്.

വത്തിക്കാനിൽനിന്നും

**+ ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

**NB:** 2015 ജൂൺ 7-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



C. 19 **സഭാദിനം - ഇടയലേഖനം**

**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**
**മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തോമാശ്ലീഹാ ചോദിച്ചു:

''കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല''. (യോഹ 14:5-6). ഈശോ ശിഷ്യന്മാരെ വിട്ടു പിതാവിന്റെ പക്കലേയ്ക്ക് പോകുകയാണെന്നും അവിടെച്ചെന്നു ശിഷ്യന്മാർക്ക് സ്ഥലമൊരുക്കിയശേഷം വീണ്ടും വന്ന് അവരെയും കൂട്ടിക്കൊണ്ട് പോകുമെന്നും താൻ പോകുന്നിടത്തേയ്ക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമല്ലോ എന്നും പറഞ്ഞ പശ്ചാത്തലത്തിലാണ് തോമാശ്ലീഹായുടെ ചോദ്യവും ഈശോയുടെ മറുപടിയും.

തോമാശ്ലീഹായുടെ ശുദ്ധഗതിയിലുള്ള ചോദ്യത്തിനുത്തരമായിട്ടാണ് ഈശോ തന്നെക്കുറിച്ചുതന്നെയുള്ള സുവിശേഷത്തിലെ ഏറ്റം മനോഹരമായ ഈ വെളിപ്പെടുത്തൽ നടത്തിയത്. പിതാവായ ദൈവത്തിന്റെ പക്കലേയ്ക്ക് മക്കൾക്കുള്ള വഴി മിശിഹായാണ്. ഈ വഴിയിലാണ് മനുഷ്യമക്കൾ സത്യം കണ്ടെത്തുന്നതും ജീവൻ പ്രാപിക്കുന്നതും. ഈശോ സ്വർഗസ്ഥനായ പിതാവിൽ നിന്ന് വന്നവനാണ്. അവിടുത്തെ മനുഷ്യജന്മം മനുഷ്യർക്കു ജന്മസാഫല്യം നല്കാൻ വേണ്ടിയുള്ളതായിരുന്നു. മിശിഹായാകുന്ന വഴിയിലാണ് നാം നമ്മുടെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തേണ്ടത്. ഈശോ പിതാ



വിന്റെ പക്കലേയ്ക്ക് പോകുന്ന വഴി ഏതാണെന്നാണ് തോമാശ്ലീഹാ ചോദിച്ചത്. ഈശോയാണ് വഴിയെങ്കിൽ അവിടുത്തെ ജീവിതം തന്നെയാണ് നമുക്കും വഴിയായിത്തീരുന്നത്.

**വഴി തേടിയവൻ**

സ്വർഗത്തിലേയ്ക്കുള്ള വഴി തേടിയവനാണ് തോമാശ്ലീഹാ. മററാരോടുമല്ല തേടിയത്, തന്റെ ഗുരുവും നാഥനുമായ മിശിഹായോടുതന്നെ. വഴിയായവനോടു തന്നെ വഴി തേടിയവൻ. ക്രൈസ്തവനു ജീവിതപാത ക്രിസ്തുതന്നെയാണ്. മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി ജനിക്കുക, ക്രിസ്തുവിനെപ്പോലെ ജീവിക്കുക, സഹിക്കുക, മരിക്കുക, ഉയിർക്കുക - ഇതാണ് ക്രൈസ്തവന്റെ ജീവിതപാത. ഈ ജീവിത ശൈലിയെ ക്രിസ്തുമാർഗം എന്ന് ആദിമ ക്രൈസ്തവർ വിശേഷിപ്പിച്ചതായി അപ്പസ്തോലന്മാരുടെ ഗ്രന്ഥത്തിൽ നാം കാണുന്നു. (അപ്പ. 9:2). തോമാശ്ലീഹാ പഠിപ്പിച്ച ഈ മാർഗത്തെ ഭാരതത്തിലെ ആദിമ ക്രൈസ്തവർ തോമ്മാമാർഗം എന്ന് വിശേഷിപ്പിച്ചു. ഈ തോമ്മാമാർഗം സ്വീകരിച്ചവരാണ് നമ്മുടെ പൂർവ്വികരായ മാർത്തോമാക്രിസ്ത്യാനികൾ.

**വഴിയേ നടന്നവൻ**

മിശിഹായാണ് വഴിയെന്ന് തിരിച്ചറിഞ്ഞ തോമാശ്ലീഹാ ആ വഴിയേ നടന്നു. മിശിഹാനുഭവം തന്റെ അനുഭവമായി സ്വീകരിച്ചു. ''എനിക്ക് ജീവിതം ക്രിസ്തുവാണെന്ന്'' വി. പൗലോസ് ശ്ലീഹായും പറയുന്നുണ്ടല്ലോ. (ഫിലി. 1:21). ഈശോ ശിഷ്യന്മാരെ ഗലീലിയിലെ ശുശ്രൂഷയ്ക്കായി അയയ്ക്കുമ്പോൾ അവർക്കുണ്ടാകാവുന്ന പീഡകളെക്കുറിച്ച് പറയുന്നുണ്ട്. ശിഷ്യന്മാരുടെ പീഡകൾ ഗുരുവിന്റെ പീഡകൾക്ക് സമാനമാണെന്നും അവിടുന്ന് പറഞ്ഞു. ''ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല. ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല. ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻ യജമാനനെപ്പോലെയും ആയാൽ മതി.''(മത്താ 10:24-25.). ഈശോ യൂദയായിൽ ലാസറിന്റെ ഗ്രാമമായ ബഥാനിയായിലേയ്ക്കു പോകാൻ ആഗ്രഹിച്ചപ്പോൾ ശിഷ്യന്മാർ തടസപ്പെടുത്തിക്കൊണ്ട് പറഞ്ഞു, യഹൂദർ അവിടുത്തെ കല്ലെ

റിയാൻ കാത്തിരിക്കുകയാണ് എന്ന്. അപ്പോൾ തോമാശ്ലീഹാ സഹശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ശിഷ്യത്വത്തിന്റെ ആഴം വ്യക്തമാക്കുന്നവയാണ്. തോമസ് പറഞ്ഞു, ''അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.'' (യോഹ 11:16). താൻ പ്രസംഗിച്ച ക്രിസ്തുമാർഗം മനസ്സിലാക്കാത്ത എതിരാളികൾ മൈലാപ്പൂരിലെ ചിന്നമലയിൽ തന്നെ കുന്തത്താൽ കുത്തി മരണപ്പെടുത്തിയപ്പോൾ തോമാശ്ലീഹായുടെ ആ ആഗ്രഹം പൂർത്തീകരിക്കപ്പെട്ടു. ചിന്നമല തോമാശ്ലീഹായ്ക്കു കാൽവരിയായി. മിശിഹായോടൊപ്പം തോമസും മരിച്ചു. അതായിരുന്നു തോമാശ്ലീഹായുടെ ജീവിതപാതയിൽ മിശിഹാ അനുഭവത്തിന്റെ പൂർത്തീകരണം. അപ്പോഴും ശ്ലീഹാ ഉദീരണം ചെയ്തിട്ടുണ്ടാവണം. ''എന്റെ കർത്താവേ, എന്റെ ദൈവമേ!'' എന്ന്. ഉയിർത്തെഴുന്നേററ മിശിഹായെ ദർശിച്ചപ്പോൾ തോമാശ്ലീഹാ പറഞ്ഞ ഈ വാക്കുകളാണ് സുവിശേഷത്തിൽ നാം കാണുന്ന ഏററവും പ്രധാനപ്പെട്ട വിശ്വാസപ്രഖ്യാപനമെന്ന് 'നസ്രത്തിലെ ഈശോ' എന്ന ഗ്രന്ഥത്തിൽ ബനഡിക്ററ് പതിനാറാമൻ മാർപാപ്പ പറയുന്നു.

**വഴിയേ നടക്കേണ്ടവർ**

ക്രിസ്തുമാർഗം സ്വീകരിച്ചവർ ക്രിസ്തുപാതയിൽ നടക്കണം. നമുക്ക് മാർഗഭ്രംശം സംഭവിക്കുമ്പോൾ നമ്മുടെ വിശ്വാസ്യതയ്ക്കു നഷ്ടം സംഭവിക്കുന്നു. മദ്യപാനം, ധൂർത്ത്, ആഡംബരഭ്രമം മുതലായ തിന്മകൾ ക്രൈസ്തവരുടെ ഇടയിൽ നിലനില്ക്കുന്നുവെന്ന വിമർശനം കേൾക്കാറുണ്ട്. വിമർശനങ്ങളെ അസഹിഷ്ണുതയോടെ കണ്ടിട്ടു കാര്യമില്ല. ക്രിസ്തുവിൽ വിശ്വസിച്ചു ജീവിതം നയിക്കുന്നവരിൽ നിന്ന് അവിടുത്തെ ജീവിതശൈലിക്ക് യോജിച്ച ഒരു ജീവിതം മററുള്ളവർ പ്രതീക്ഷിക്കുന്നു. ക്രൈസ്തവരും ക്രൈസ്തവ സഭകളും വിമർശിക്കപ്പെടുന്നതിന്റെ കാരണവും പലപ്പോഴും അതുതന്നെയാണ്. ശത്രുവിനെ വരെ സ്നേഹിക്കണമെന്ന് പഠിപ്പിക്കുകയും ആ സ്നേഹം സ്വന്തം ജീവിതം വഴി സാക്ഷ്യപ്പെടുത്തുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതപാത എത്രയോ ഉന്നതമാണ്. അത്രയ്ക്ക് ഉന്നതമായ ഒരു ജീവിതശൈലി ക്രൈസ്തവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ക്രൈസ്തവരുടെയിടയിലെ തിന്മ



കളുടെ പേരിൽ ക്രൈസ്തവർ വ്യക്തികളായും സമൂഹങ്ങളായും ചെയ്യുന്ന അനേകം നന്മകൾ വിസ്മരിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷവും ഇന്നുണ്ട്. ഭാരതത്തിലെ വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരംഗത്തും ക്രൈസ്തവർ നല്കിയ സംഭാവനകൾ ആർക്കു നിഷേധിക്കാൻ കഴിയും?. കാരുണ്യപ്രവർത്തനങ്ങളിലും ക്രൈസ്തവസഭകൾ മുൻപന്തിയിലാണല്ലോ. ക്രൈസ്തവരുടെ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൂടിയല്ലേ മററനേകം സമൂഹങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ഈ രംഗത്ത് വലിയ സംഭാവനകൾ നല്കി പ്രവർത്തിക്കുന്നത്. ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളിലും ക്രൈസ്തവർ ഏറെ വ്യാപൃതരാണ്. ഇത്തരം നന്മ പ്രവൃത്തികളോടൊപ്പം നമ്മുടെ ഇടയിൽ വ്യാപിക്കുന്ന തിന്മകളെ ദൂരീകരിച്ചുകൊണ്ട് നമ്മുടെ ജീവിതസാക്ഷ്യത്തെ ക്രിസ്തുസദൃശമാക്കാൻ നമുക്കു പരിശ്രമിക്കാം.

വൈദികരും സമർപ്പിതരും അല്മായരും ഒത്തൊരുമിച്ച് സഭാനവീകരണത്തിനായി ശ്രമിക്കേണ്ടിയിരിക്കുന്നു. സമർപ്പിതവർഷാചരണവും കുടുംബത്തെക്കുറിച്ചുള്ള സിനഡുകളും തന്നെ സഭയുടെ പൊതുവായ നവീകരണത്തെ ലക്ഷ്യം വച്ചുള്ളതാണല്ലോ. കത്തോലിക്കാ കോൺഗ്രസ്സ്, യൂത്ത് മൂവ്മെന്റ്, മാതൃവേദി മുതലായ അത്മായ പ്രസ്ഥാനങ്ങളുടെ നവോത്ഥാനത്തിലൂടെയും സഭാനവീകരണം കാര്യക്ഷമമായി നടക്കുമെന്ന് പ്രതീക്ഷിക്കാം.

മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വം അനുസ്മരിക്കുന്ന ഈ ദുക്റാനാത്തിരുനാളിൽ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച എല്ലാക്രൈസ്തവരെയും, വിശിഷ്യ ഇറാക്ക്, സിറിയ എന്നീ രാജ്യങ്ങളിൽ അടുത്തകാലത്ത് കൊലചെയ്യപ്പെട്ടവരെയും, ഭാരതത്തിലെ സി. റാണി മരിയായെപ്പോലുള്ളവരെയും അനുസ്മരിച്ച് വിശ്വാസത്തിൽ നമുക്ക് ആഴപ്പെടാം.

വിവിധ മതവിശ്വാസികൾ വസിക്കുന്ന നാടാണ് നമ്മുടെ ഭാരതം. എല്ലാ മതങ്ങളിലെയും നന്മകളെ അംഗീകരിക്കാനും ആദരിക്കാനും അങ്ങനെ പരസ്പര ബഹുമാനത്തോടെ ജീവിക്കാനും നമുക്കു സാധിക്കണം. മാർഗവും സത്യവും ജീവനുമായ മിശിഹായെ

പ്രഘോഷണം ചെയ്യുന്ന തിരുസ്സഭ ഇതര മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും തിരസ്ക്കരിക്കുന്നില്ല. ''മററുമതങ്ങളിലെ പ്രവർത്തനരീതികളും, ജീവിതമുറകളും, പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസ്സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസ്സഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം, സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന 'ആ സത്യ'ത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്''. (അക്രൈസ്തവമതങ്ങൾ നമ്പർ 2)

നമ്മുടെ എല്ലാ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ പങ്കെടുക്കുന്ന സഭാദിനാചരണം ജൂലൈ 3-ന് സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്നതാണ്. വി. കുർബാനയുടെ ആഘോഷം, സമ്മേളനങ്ങൾ, കലാപരിപാടികൾ തുടങ്ങിയവയോടെ നമ്മുടെ എല്ലാ ഇടവകകളിലും പ്രവാസിസമൂഹങ്ങളിലും സഭാദിനം ആഘോഷിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സഭാദിനത്തിലെ നിങ്ങളുടെ സംഭാവനകൾ സഭയുടെ പൊതുവായ ആവശ്യങ്ങൾക്കായി സമാഹരിച്ചു നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

പ്രവാസികളായ സീറോ മലബാർ കത്തോലിക്കർക്ക് ഇനിയും പലസ്ഥലങ്ങളിലും അർഹമായ സഭാസംവിധാനങ്ങളോ, സ്വന്തം സഭാപാരമ്പര്യങ്ങൾക്കനുസൃതമായ അജപാലനശുശ്രൂഷയ്ക്കുള്ള ക്രമീകരണങ്ങൾ പോലുമോ ലഭ്യമായിട്ടില്ല. പരി. സിംഹാസനം അത്തരം സംവിധാനങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിത്തരാൻ തയ്യാറാണെങ്കിലും തടസ്സങ്ങൾ ഏറെയുണ്ട്. അവ തരണം ചെയ്യാനുള്ള ശ്രമങ്ങൾ നീണ്ടു പോകുന്നതുകൊണ്ട് നമ്മുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഇന്ത്യയിലെ 29 സീറോ മലബാർ രൂപതകൾക്കുപുറത്ത് പ്രവാസികളായി കഴിയുന്ന സീറോ മലബാർ വിശ്വാസികൾ തങ്ങൾക്ക് സ്വന്തമായി സഭാസംവിധാനങ്ങൾ ലഭിക്കുന്നതിനുവേണ്ടി ജൂലൈ 2-ാം തീയതി ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുകയാണ്. സഭാ



മക്കൾ എല്ലാവരും ഈ പ്രാത്ഥനായജ്ഞത്തിൽ അവരോട് പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടും വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് മെയ് മാസം 23-ാം തീയതി നല്കപ്പെട്ടത്.

N.B:- ഈ ഇടയലേഖനം 2015 ജൂലൈ 3-ാം തീയതിക്ക്മുൻപത്തെ ഞായറാഴ്ച (ജൂൺ 28-ന്) കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



## PL No: 84 വിശ്വാസ പരിശീലന വർഷം 2015-2016

വിശ്വാസ പരിശീലനത്തിൽ പങ്കുകാരായ മാതാപിതാക്കളേ, വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ,

നമ്മുടെ കർത്താവ് നമ്മെ ഭരമേല്പിച്ച ദൗത്യമാണല്ലോ എല്ലാവരെയും പഠിപ്പിക്കുകയെന്നത് (മത്താ 28:20). വിശ്വാസ സത്യങ്ങളിലും വിശ്വാസപാരമ്പര്യങ്ങളിലും ഭാവിതലമുറയെ അവബോധമുള്ളവരാക്കുകയും ശരിയായ ബോധനം നല്കി വളർത്തുകയും ചെയ്യുക നമ്മുടെ ചുമതലയാണല്ലോ. ജൂൺ മാസം 7-ാം തിയതി മുതൽ പുതിയ അദ്ധ്യായനവർഷം ആരംഭിക്കുകയാണ്. സമർപ്പിത വർഷത്തിന്റെ പ്രത്യേകതകൾ ഈ വർഷം കുട്ടികൾക്ക് നല്കുന്നതിൽ നമ്മൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതുപോലെ കുടുംബജീവിതത്തെക്കുറിച്ച് ക്രിസ്തീയ കാഴ്ചപ്പാടുകൾ കുട്ടികൾക്ക് നല്കുകയും വേണം. മാധ്യമങ്ങൾ വളരെ വികലമായി വിവാഹജീവിതത്തെ അവതരിപ്പിക്കുന്നതാണ് കുട്ടികൾ, പ്രത്യേകിച്ച് യുവതീയുവാക്കൾ കാണുക. ടെലിവിഷനിലെ സീരിയലുകളും ഇതര പരിപാടികളും വളരെ വികലമായ അറിവാണ് വരുന്ന തലമുറയ്ക്ക് നൽകുന്നത്. അവയിലെ തെറ്റായ അവതരണത്തെ യുവതീയുവാക്കൾക്കും കുട്ടികൾക്കും വിമർശനാത്മകമായി വിശദീകരിച്ച് മതാദ്ധ്യാപകർ നൽകേണ്ടതാണ്. യുവതീയുവാക്കൾക്ക് കൂട്ടുകൂടാനുള്ള വേദിയായിട്ട് വിവാഹമെന്ന ഉടമ്പടിയെ അവതരിപ്പിക്കുന്ന ശൈലി തെറ്റാണ്. വിവാഹം ദൈവസ്ഥാപിതമായ ഒരു കൂദാശയാണെന്നും വിവാഹബന്ധം ദൈവീകവെളിപാടാണെന്നും ഭാവിതലമുറ അവശ്യം അറിഞ്ഞിരിക്കണം (മർക്കോ 10:5). അല്ലാതെ യുവതീയുവാക്കൾക്ക് ഇഷ്ടമല്ലെന്ന് തോന്നുമ്പോൾ വലിച്ചെറിയാനുള്ള ബന്ധമല്ലെന്ന് വരും തലമുറയെ പഠിപ്പിക്കണം. കുടുംബ ജീവിതം പരിശുദ്ധ ത്രിത്വത്തിന്റെ അടയാളമാണ്. സ്നേഹത്തിലും ഐക്യത്തിലും അവർ ഒന്നായിരിക്കുന്നതുപോലെ ദമ്പതികൾ സ്നേഹവും ഐക്യവും നിറഞ്ഞ ജീവിതം നയിക്കുമ്പോൾ പരിശുദ്ധ ത്രിത്വത്തിന് സാക്ഷികളാകുകയാണ്.

സമർപ്പിത ജീവിതം സഭയിൽ ആകമാനം എന്നതുപോലെ, വിശ്വാസ പരിശീലനത്തിലും സവിശേഷമായ ഊന്നൽ ഈ



അദ്ധ്യായനവർഷത്തെ പ്രബോധനത്തിലുണ്ടാകണം. സമർപ്പിത ജീവിതം സഭയുടെ പൊതുവായ വിശ്വാസ സാക്ഷ്യത്തിന്റെ തീക്ഷണമായ മാതൃകയാണ്. സമർപ്പിത ജീവിതത്തിന്റെ സഭാത്മകമായ ചൈതന്യത്തിൽ വിശ്വാസ പരിശീലനം നല്കണമല്ലോ. സമർപ്പിതർ തങ്ങളെത്തന്നെ പൂർണ്ണമായി സഭയ്ക്കും ക്രിസ്തുവിനും അർപ്പണം ചെയ്തവരാണെന്ന് വിദ്യാർത്ഥികൾ ഗ്രഹിക്കണമല്ലോ. ക്രിസ്തുവല്ലാതെ വേറൊരു സ്നേഹവിഷയം അവർക്കില്ലെന്നും അതിന്റെ പ്രഖ്യാപനമായാണ് അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം, എന്നീ വ്രതങ്ങൾ അവരെടുക്കുന്നത്. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ കേന്ദ്രീകൃതമാണ് അവരുടെ മനുഷ്യസ്നേഹം. അവരുടെ ജീവിതത്തിലെ എല്ലാ ചലനങ്ങളും ക്രിസ്തുസ്നേഹത്തിലും അതിൽനിന്ന് ഉരിത്തിരിയുന്ന മനുഷ്യസ്നേഹത്തിലും പൂരിതമാണ്.

വിശുദ്ധി സ്നേഹത്തിന്റെ പൂർണ്ണതയാണ്. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനാണ്. നിങ്ങളും അതുപോലെ പരിപൂർണ്ണരാകണം (മത്താ 5:48). ദൈവപിതാവിന്റെ പൂർണ്ണത സ്നേഹത്തിന്റെ പൂർണ്ണതയാണ്. എല്ലാ ക്രൈസ്തവരും ഈ വിശുദ്ധി ലക്ഷ്യം വക്കണം. എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു (തിരുസഭ 39) എന്ന അവബോധം വിശ്വാസ പരിശീലനത്തിലുള്ള വിദ്യാർത്ഥികൾക്ക് നല്കണം. മാതാപിതാക്കൾ കുടുംബത്തിൽ കുട്ടികൾക്ക് ഈ അറിവ് നൽകണം. കാരണം വിശ്വാസ പരിശീലനം വിശുദ്ധ ജീവിതം നയിക്കാനുള്ള പരീശീലനമാണ്. നമ്മുടെ ഇടവകകളിലെ സംഘടനകൾ കുട്ടികൾക്ക് വിശ്വാസ പരിശീലനം നടത്തുന്ന കളരികളാകണം. ഇവയിലൂടെ ദൈവവചനം ശ്രവിക്കാനും കൂദാശകൾ യോഗ്യതയോടെ സ്വീകരിക്കാനും പ്രാർത്ഥിക്കാനും കുടുംബത്തിലും സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ വളരാനും ഇടയാകണം. അതുവഴി നല്ല സഭാമക്കളും സമൂഹ സ്നേഹികളും ആയി ക്രിസ്തീയ പൂർണ്ണതയിൽ വളരാൻ വിശ്വാസ പരിശീലനം കുട്ടികളെ സഹായിക്കട്ടെ. മതബോധനം ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ച ക്രിസ്തീയ ജീവിതശൈലി അഭ്യസിക്കലാകണം.

ഇന്ന് പ്രായപൂർത്തിയായ പെൺകുട്ടികൾ വിശ്വാസം ത്യജിച്ച് അന്യമതസ്ഥരെ വിവാഹം കഴിക്കുന്ന രീതി വർദ്ധമാനമാകുന്നു. മാതാപിതാക്കളും മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ട

മേഖലയാണിത്. പ്രായപൂർത്തിയാകുന്ന പെൺകുട്ടികൾക്ക് ക്രിസ്തീയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ശാരീരിക വളർച്ചയെയും ജീവിതാന്തസിനെപ്പറ്റിയുമുള്ള അറിവും നല്കണം. അതേ സമയം അന്യമതങ്ങളിലെ അപൂർണ്ണമായ വെളിപാടുകൾ അവർക്ക് പരിചയപ്പെടുത്തിക്കൊടുക്കണം. മാതാപിതാക്കളുടെ കൂടെ 18 വയസ്സ് വരെ ജീവിച്ചിട്ട്, 12-ാം ക്ലാസ്സുവരെ വിശ്വാസ പരിശീലനം നടത്തിയിട്ട്, അന്യമതങ്ങളിലേക്ക് പെൺകുട്ടികൾ വിവാഹിതരായി പോകുന്നത് മാതാപിതാക്കൾ ഗൗരവമായി കാണണം. നമ്മുടെ വിശ്വാസ പരിശീലനവും മാതാപിതാക്കളുടെ സന്മാതൃകയും അല്പം പോലും സ്വാധീനിച്ചിട്ടില്ലെന്നും ജീവിതാനുഭവമാക്കിയിട്ടില്ലെന്നും ഗുരുജനങ്ങൾ മനസ്സിലാക്കണം.

ബുദ്ധിപരമായ അറിവിനെക്കാൾ ദൈവാനുഭവമുള്ള വ്യക്തികളാകണം വിശ്വാസ പിരിശീലനത്തിൽ പങ്കുകൊള്ളുന്നവർ. അതിന് കുട്ടികളെ കൂടുതൽ പ്രാർത്ഥനാനുഭവമുള്ളവർ ആക്കണമല്ലോ. ഈശോയോട് വ്യക്തിബന്ധം പുലർത്തി എല്ലാം തുറന്ന് സംസാരിച്ച്, പ്രാർത്ഥിച്ച്, ഈശോയോടുള്ള സൗഹൃദത്തിൽ, വ്യക്തിപരമായ പ്രാർത്ഥനയിലൂടെ വളരാൻ കുട്ടികൾ പരിശീലിപ്പിക്കപ്പെടണം. കുടുംബ പ്രാർത്ഥനയും സഭയിലെ ഇതര പ്രാർത്ഥനകളും വ്യക്തിപരമായി വളരാൻ കുട്ടികൾക്ക് സഹായകരമാകണം. വിശ്വാസ പരിശീലകരുടെ നല്ല മാതൃകകൾ കുട്ടികളെ ഈശോയുമായി കൂടുതൽ അടുക്കാനും ഓരോരുത്തരുടെയും ജീവിതാന്തസ്സ് തെരഞ്ഞെടുക്കാനും സഹായിക്കണം. ജീവിതത്തിൽ ഓരോരുത്തരും സ്വീകരിക്കുന്ന ദൗത്യങ്ങളെ അവർ മനസ്സിലാക്കണം. ദൈവം തന്നെ അത് വെളിപ്പെടുത്തിത്തരും. പലപ്പോഴും പ്രാർത്ഥനാനുഭവത്തിലാണ് ഇത് നടക്കുക. നമ്മുടെ ദൈവവിളി മനസ്സിലാക്കാനും വൈദികാന്തസ്സിലോ, സന്യാസ-സന്യാസിനി അന്തസ്സിലോ, നല്ല ദമ്പതികളാകാനോ ഉള്ള ഉൾവിളി മനസ്സിലാക്കാനും വിശ്വാസ പരിശീലനം സഹായകരമാണ്.

വിദ്യാർത്ഥികളുടെ ബാല്യ-കൗമാര-യൗവന കാലഘട്ടങ്ങളിൽ പല ഘടകങ്ങളും അവരെ സ്വാധീനിക്കും. വിലയേറിയ വസ്ത്രങ്ങൾ, ഫാഷൻ, ടെലിവിഷൻ, മൊബൈൽ, ഇന്റർനെറ്റ്, അശ്ലീലചിത്രങ്ങൾ, വീഡിയോകൾ ഇങ്ങനെ പലതും സ്വഭാവ രൂപികരണത്തിൽ സ്വാധീനം ചെലുത്തുന്നു. ഇവയുടെ ഉപയോഗം



എപ്പോഴും നിയന്ത്രണ വിധേയമാക്കണം. നല്ല സ്വഭാവ ശുദ്ധിയുള്ള വ്യക്തികളാകാൻ സഹായിക്കാത്തവ ഉപേക്ഷിക്കാനുള്ള കഴിവ് വിശ്വാസ പരിശീലനത്തിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കണം. കുട്ടികൾക്ക് ഭാവിയിൽ സാധ്യതകൾ അനവധിയാണ്. നല്ല ജീവിതാന്തസ്സിനോട് ചേരുന്ന സേവന അവസരങ്ങൾ, ഉദ്യോഗങ്ങൾ, രാഷ്ട്രീയ നേതൃത്വം, കാർഷികവ്യവസായ മേഖലകളിലുള്ള പ്രാവീണ്യം, കലാസാംസ്കാരിക മേഖലകളിലെ മികവ്, എല്ലാറ്റിനുമുപരി സംശുദ്ധമായ ജീവിതരീതി എല്ലാവരും സ്വന്തമാക്കണം. സത്യസന്ധത, നീതിബോധം, സ്നേഹം, കാരുണ്യം, സഹകരണ മനോഭാവം തുടങ്ങിയ നല്ല ഗുണങ്ങൾ അഭ്യസിക്കാനുള്ള കാലഘട്ടമാണിത്. അതുപോലെ ഭാവി ജീവിതത്തിൽ ഒരോരുത്തരും എന്താകണം, ഏത് പ്രവർത്തന മേഖലയിൽ പ്രവേശിക്കണം എന്നൊക്കെ ചിന്തിക്കുന്ന കാലമാണിത്. ഇത്രയും നാളും നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനുള്ള സാധ്യത ധാരാളമായിരുന്നു. ഇനി TTC, B.Ed. എന്നിവ പഠിച്ചിട്ട് ജോലി സാധ്യത ഇല്ലാതായി വരുന്നു. അപ്പോൾ നമ്മൾ മറ്റ് മേഖലകളെപ്പറ്റി ചിന്തിക്കണം. സിവിൽ സർവ്വീസ് (IAS, IPS, IMS, IES, etc.) എന്നിവയെ ലക്ഷ്യമാക്കി കഴിവുള്ളവർ പഠിക്കണം. ഗവൺമെന്റിന്റെ PSC Test പാസ്സാകുന്നതിൽ നമ്മുടെ ആളുകൾ വളരെ വിരളമാണ്. അതിന് കാരണം നമുക്ക് സ്കൂൾ, കോളേജ്, ഹോസ്പിറ്റൽ തുടങ്ങിയവയിൽ ജോലി സാധ്യതയുണ്ടായിരുന്നു. എന്നാൽ അവയെല്ലാം ഇന്ന് ഉദ്യോഗ സാധ്യതയില്ലാത്ത ഇടങ്ങളായി തീർന്നു. അതുകൊണ്ട് പ്രത്യേക ലക്ഷ്യബോധത്തോടെ പഠിക്കുന്നതും മാതാപിതാക്കൾ പഠിപ്പിക്കുന്നതും ഉചിതമായിരിക്കും. മേൽസൂചിപ്പിച്ച കാര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ നിങ്ങളുടെ വിശ്വാസ പരിശീലനം അനുഗ്രഹമായിത്തീരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും+ പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

എന്ന്,

കരിമ്പൻ — **✝ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**

02-05-2015 — ഇടുക്കി രൂപതാ മെത്രാൻ

N.B:- ഈ ഇടയലേഖനം 2015 ജൂൺ 7-ാം തീയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

## C. 20 Circular Letter on National Eucharistic Congress in Mumbai

Your Eminence/Beatitude/Grace/Excellency,

Prayerful greetings to you in the name of our Lord!

Our country was privileged to have the International Eucharistic Congress fifty years ago. This historic event took place from November 28 – December 6, 1964, in Mumbai (then Bombay). The first ever Papal pilgrimage to our country was the highlight of the event, when Blessed Paul VI visited us on that occasion. The beginning of the Golden Jubilee of the Eucharistic Congress was celebrated last year with a Diocesan Eucharistic Congress in the Archdiocese of Bombay.

In order to conclude the yearlong celebrations, the Catholic Bishops' Conference of India is organising a National Eucharistic Congress this year from November 12-15. His Eminence Oswald Cardinal Gracias, the Archbishop of Bombay, assisted by a National Organising Committee, will host this Congress. We hope to get a Papal Delegate for this Celebration to represent Holy Father Pope Francis. All our Bishops and five delegates from each Diocese are invited to participate in this event. His Eminence Cardinal Gracias will get in touch with you shortly to communicate more details about this program.

It is our prayer and hope that the National Eucharistic Congress would help us understand the mystery of the Eucharist better, to receive the Eucharist with deeper devotion and to live the Eucharist in our lives more intensely. We believe that this Eucharistic Congress will increase the Eucharistic life of the Church in India. Hence I urge you to be part of this celebration and follow the directions of Cardinal Gracias in this matter. Kindly pray for the success of the National Eucharistic Congress in Mumbai.

Yours lovingly in our Lord,

**+ Baselios Cardinal Cleemis**
Major Archbishop-Catholicos & President, CBCI



## C. 20 സീറോ മലബാർ മാട്രിമോണിയൽ നെറ്റ്‌വർക്കിനെ സംബന്ധിച്ച സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട സഹോദരി സഹോദരന്മാരെ,

സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനം കുടുബമാണല്ലോ. കുടുംബം നന്നായാൽ ഇവ മൂന്നും നന്നാകും. അതുകൊണ്ട് നല്ല കുടുംബങ്ങൾ രൂപികരിക്കപ്പെടേണ്ടത് ഇവയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. എന്നാൽ അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുക എന്നത് ഇന്നൊരു പ്രയാസമേറിയ കാര്യമാണ്. സീറോ മലബാർ സഭയിൽ ഇതൊരു പ്രതിസന്ധി തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലേയ്ക്കും ഇന്ത്യയ്ക്ക് പുറത്തേയ്ക്കുമുള്ള യുവജനങ്ങളുടെ കുടിയേറ്റത്തിന്റെ സൃഷ്ടിയാണ് ഒരു പരിധിവരെ ഈ പ്രതിസന്ധി. പെൺകുട്ടികളുടെയും ആൺകുട്ടികളുടേയും വിദ്യാഭ്യാസ നിലവാരത്തിലുള്ള അസന്തുലിതാവസ്ഥയും ഇതിന് ആക്കം കൂട്ടുന്നുണ്ട്.

നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകലെയായിരിക്കുന്ന യുവജനങ്ങൾക്ക് പരമ്പരാഗത ശൈലിയിൽ ജീവിത പങ്കാളിയെ കണ്ടെത്തുവാനുള്ള സാദ്ധ്യത ഇന്ന് വളരെ കുറവാണ്. അതുകൊണ്ട് കൂടുതൽ പേരും ഇന്റർനെറ്റിനെ ആശ്രയിച്ച് ഓൺലൈൻ മാട്രിമോണിയൽ സൈറ്റുകളിൽ പേര് രജിസ്റ്റർ ചെയ്താണ് വധൂവരന്മാരെ കണ്ടെത്തുന്നത്. സ്വന്തം മതത്തിനും സമൂദായത്തിനും പുറത്തുനിന്ന് ജീവിത പങ്കാളിയെ കണ്ടെത്താനുള്ള പ്രവണത ഇവിടെ കൂടുതലാണ്. ഇതിനൊരു പരിഹാരമായിട്ടാണ് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ നേതൃത്വത്തിൽ ഒരു ഓൺലൈൻ മാട്രിമോണിയൽ സർവ്വീസ് ആരംഭിച്ചിരിക്കുന്നത്. www.syromalabarmatrimony.org വിലാസത്തിൽ അത് നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്.

www.syromalabarmatrimony.org സീറോ മലബാർ സഭയിലെ ഭൂരിപക്ഷം രൂപതകളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന ഒരു സേവനമാണ്. കുറഞ്ഞ ചെലവിൽ വിശ്വാസതയോടെ ജീവിത പങ്കാളിയെ കണ്ടെത്താനുള്ള സൗകര്യം ഈ

സേവനം ഒരുക്കുന്നു. ഇപ്പോൾ തന്നെ ഭാഗികമായി ഈ സേവനം ലഭ്യമാണ്. 2015 ജൂൺ 7 മുതൽ വളരെ വിപുലമായ സൗകര്യങ്ങളോടെ നിങ്ങൾക്ക് ഇത് ലഭ്യമാണ്. രജിസ്റ്റർ ചെയ്യുന്ന ഏതൊരാൾക്കും സീറോ മലബാർ സഭയിലെ ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തുമുള്ള ഏത് രൂപതയിൽനിന്നും രജിസ്റ്റർ ചെയ്ത എല്ലാവരുടെയും വിവരങ്ങൾ ലഭ്യമാണ്. ഒരോ രജിസ്ട്രേഷനും പൂർത്തിയാക്കുന്നതിന് മുമ്പായി ഒരോരുത്തരെപ്പറ്റിയുമുള്ള വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് സത്യമാണ് എന്ന് ഉറപ്പ് വരുത്തിയ ശേഷമേ രജിസ്ട്രേഷൻ പൂർത്തിയാക്കുകയുള്ളു. അതുകൊണ്ട് പ്രൊഫൈലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് സംശയം ഉണ്ടാകേണ്ടതില്ല.

സീറോ മലബാർ സഭയിൽ ഏത് രൂപതയിലും രൂപതയ്ക്ക് പുറത്തുമുള്ള വിവാഹ ഒരുക്ക കോഴ്സുകളുടെ വിവരം അറിയാനും വേണമെങ്കിൽ അവയിൽ രജിസ്റ്റർ ചെയ്യാനും ഈ സൈറ്റിലൂടെ സാദ്ധ്യമാണ്. ഏതാനും ദിവസത്തെ അവധിയ്ക്ക് മാത്രമായി നാട്ടിൽ എത്തുന്ന പ്രവാസികൾക്ക് ഇത് ഏറെ സഹായകരമാണ്.

വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പ്രൊഫൈൽ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പ്രൊഫൈൽ മാസികയും ഇതോടൊപ്പം ലഭ്യമാണ്. നമ്മുടെ സഭയിലെ ഇടവക വികാരിയച്ചന്മാരുടെ പക്കൽ അവ പ്രസിദ്ധീകരിക്കുന്ന ക്രമത്തിൽ എത്തിക്കുന്നതാണ്.

സീറോ മലബാർ മാട്രിമണി നെറ്റ്‌വർക്കിന്റെ സേവനം പരമാവധി ഉപയോഗപ്പെടുത്തി നമ്മുടെ കുടുംബങ്ങളുടെ ഭദ്രത ഉറപ്പ് വരുത്താം. ഏവർക്കും www.syromalabarmatrimony.org സൈറ്റിലേയ്ക്ക് സ്വാഗതം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മൗണ്ട് സെന്റ് തോമസ്
18 മെയ് 2015

ബിഷപ്പ് ജോസ് പൊരുന്നേടം
ചെയർമാൻ
സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ





## രൂപതക്കച്ചേരി

C. 53/15 **Presbyterium**

The Annual meeting of the Presbyterium of our Eparchy will be held on Tuesday 9th June 2015 at Atmajyothy, Adimali from 10 a.m. to 4 p.m.

C. 54/15 **Monthly Recollection for Priests**

ജൂൺ മാസത്തിലെ പഠന വിഷയം: ഇടുക്കി രൂപതാ നിയമാവലി 659-672 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചു കൂടി വായിക്കുന്നു.

C. 55/15 **Pastoral Council**

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on 11th July 2015 (Saturday) at Atmajothy, Adimali. Topics to be included in the agenda may be sent to the Secretary before 30th June 2015.

Time : 10.00 am - 4.00pm.

C. 56/14 **വൈദികരുടെ വാർഷിക ധ്യാനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനം ആദ്യ ബാച്ച് 2015 ആഗസ്റ്റ് 2-7 തീയതികളിൽ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലും രണ്ടാമത്തെ ബാച്ച് സെപ്തംബർ 13-18 തീയതികളിൽ അടിമാലി ആത്മജ്യോതിയിലും നടത്തപ്പെടുന്നു. അട്ടപ്പാടി സെഹിയോനിൽ നടത്തുന്ന ധ്യാനത്തിൽ സംബന്ധിക്കുവാൻ ഇനിയും താല്പര്യമുള്ളവർ ജൂൺ മാസം 20 ന് മുമ്പായി പേര് തരേണ്ടതാണ്.

## C. 57/14 **യുവ വൈദികരുടെ വാർഷിക സെമിനാർ**

നമ്മുടെ രൂപതയിൽ ജോലിചെയ്യുന്ന യുവവൈദികർക്കായി 2015 ജൂലൈ 13, 6.00 pm മുതൽ ജൂലൈ 15, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2008 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

## C. 58/14 **നന്ദി, ആശംസകൾ**

കഴിഞ്ഞ അഞ്ചുവർഷക്കാലം രൂപതാ ചാൻസലർ, ട്രൈബ്യൂണൽ ജഡ്ജ്, അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി, സഹ്യനാദം എഡിറ്റർ, മൈനർ സെമിനാരി അദ്ധ്യാപകൻ എന്നീ നിലകളിൽ സ്തുത്യർഹമായ ശുശ്രൂഷ ചെയ്തശേഷം കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി കാനൻ നിയമ അദ്ധ്യാപകനായി ചുമതലയേറ്റിരിക്കുന്ന ബഹു. ജോസ് മാറാട്ടിലച്ചനും, കുരിശുപാറ വികാരിയായി നിയമിതനായിരിക്കുന്ന ബഹു. ജോൺ പുന്നോലിൽ അച്ചനും രൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാനിർഭരമായ ആശംസകളും.

## C. 59/14 **വൈദികവസ്ത്രസ്വീകരണം**

താഴെപ്പറയുന്ന വൈദിക വിദ്യാർത്ഥികൾ റീജൻസി പൂർത്തിയാക്കി മെയ് 14-ാം തീയതി മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. ദൈവശാസ്ത്രപഠനം ആരംഭിക്കുന്ന ഇവർക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

| | |
|---|---|
| കണ്ണംപ്ലാക്കൽ തോമസ് | - കഞ്ഞിക്കുഴി |
| മേക്കുന്നേൽ ജോസഫ് | - മഞ്ഞപ്പെട്ടി |
| പുളിക്കകുന്നേൽ ജോസഫ് | - വാഴത്തോപ്പ് |
| ഉദയംപാറയിൽ ജോസഫ് | - മാലിപ്പാറ |
| കൈപ്പയിൽ തോമസ് | - ശാന്തിഗ്രാം |



## C. 60/14 **Transfer and Appointment of Priests-2014**

### Parish Priests

**Rev. Fathers**

| | |
|---|---|
| 1. Purayattu Abraham | - Rajakad, Edamattam, Mullakanam |
| 2. Anikuzhikattil Luke | - Chemmannar, Pallikuunu, Melechemmannar |
| 3. Pattathekuzhy George | - Upputhode |
| 4. Ikkara Philip | - Anakulam |
| 5. Thazhathuveettil Philip | - Nazerethuvalley |
| 6. Niravathu George | - Kanthipapra |
| 7. Kurias Kurain | - Pandippara |
| 8. Parakadavil James | - Adimali (Pro-vicar) |
| 9. Vengaloor Mathew | - Mukkudam |
| 10. Thadathil Mathew | - Bhoomiamkulam |
| 11. Kalapurackal Jose | - Kailasam |
| 12. Menammoottil Joseph | - Sleevamala |
| 13. Palathinkal Joseph | - Alphonsanagar |
| 14. Malieckal Michael | - Rajapuram |
| 15. Poovathinkal Joseph | - Neelivayal |
| 16. Kuthanappallil Emmanuel | - Kanchiyar |
| 17. Paimpallil Joseph | - Kallupalam, Rajappara |
| 18. Ponnambel Mathew | - Panniarkutty |
| 19. Mavelikunnel Jose | - Thokkupara, Marianagar |
| 20. Kunnumpuram Jose | - Nellippara |
| 21. Kollamparambil George | - Thankamany-Alphonsanagar (priest in charge) |
| 22. Cherukunnel Johnson | - Santhigram |
| 23. Ampalathinkal Francis | - Karimpan |
| 24. Kochupurackal Jose | - Ellakal |
| 25. Thaicheril Thomas | - Ettithope |
| 26. Valiyamangalam Thomas | - Thovarayar |
| 27. Thannippara Jose MST | - Mulakaramedu |

28. Kochupurackal George - Maryland
29. Chemmarappallil Jose - Vazhathope, Manchikavala
30. Parackal Thomas - Udayagiri
31. Punnolil John - Kurisupara
32. Edavazhickal George - Chinnarnirappu
33. Madathisseril Sebastian - Karikkumtholam (Vicar in charge)
34. Koickal Joseph - Georgepuram (Kattakala)

**Offices**

1. Kochukunnel Joseph - Chancellor and Secretary
2. Ampalathinkal Francis - KCYM Director
3. Arayathinal Mathew - CML, Vocation Bureau, Marian Sodality, Animator of College going seminarians
4. Karivelickal George - SCC Director
5. Vattamala Thomas - Rector of Minor Seminary
6. Madathisseril Sebastian - Minor Seminary Staff
7. Marattil Jose - Resident Staff Member, Kunnoth Seminary
8. Thakadiyel George - Resident Staff Member, Mangalapuzha Seminary

**Parochial Vicars (Assistant Parish Priests)**

1. Karinthel George - Murickassery
2. Mulloor George - Ezhukumvayal, Koobanmala, Kuzhikanam
3. Sauriamkuzhiyil Thomas - Adimali
4. Nallookunnel George - Thopramkudy, Deivammedu, Velankanninagar
5. Karuvelil Dominic - Chemmannar, Pallikunnu, Melelchemmannar
6. Naduppadavil Joseph - Thankamany
7. Thottiyil Joseph - Mankulam, Viriapra, Alphonsapuram
8. Palakudiyil Joseph - Rajakumary, Rajakumary North
9. Ampazhathinkal James - Nedumkandam
10. Thangumthottathil Joseph - Bethel, Marykunnu



11. Kuzhiyamplavil Thomas - Kanjikuzhy
12. Karackattu Kuriakose - Vellayamkudy, Paduvapuram, Josenagar
13. Koickal Dominic - Pazhayarikandam, Makkuvalley, Ponnadathan
14. Madukkakuzhy Mathew - Parathodu
15. Kuzhippallil George (Jr.) - Vazhathope, Manchikavala
16. Chunayanmackal Joseph - Erattayar
17. Kuzhivelil Justin CMF - Rajakadu, Edamattam, Mullakkanam

**C. 61/14 സീറോ മലബാർ സഭാദിനം**

മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളായ ജൂലൈ 3 സീറോ മലബാർ സഭാദിനമായി ആചരിക്കുകയാണ്. സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തന ചെലവുകളിലേക്കായി അന്നേദിവസം പ്രത്യേക പിരിവ് പള്ളികളിൽ നടത്തി ഒരു വ്യക്തിക്ക് ഒരു രൂപ എന്ന നിരക്കിൽ തുക ജൂലൈ 31 നകം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**C. 62/14 പത്രോസിന്റെ കാശ് പിരിവ്**

മുൻകൂട്ടി അറിയിച്ച് ജൂൺ 28-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. പത്രോസിന്റെ കാശ് പിരിവ് നടത്തി ലഭിക്കുന്ന തുക ജൂലൈ 31 നകം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**C. 63/14 തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| ഫാ. ആന്റണി ചെറുകുന്നേൽ | ജൂൺ 13 |
| ഫാ. ആന്റണി ആലഞ്ചേരിൽ | ജൂൺ 13 |
| ഫാ. ആന്റണി പനച്ചിക്കൽ | ജൂൺ 13 |
| ഫാ. ആന്റണി പാലാപുളിക്കൽ | ജൂൺ 13 |
| ഫാ. ജോൺ ചേനംചിറയിൽ | ജൂൺ 24 |
| ഫാ. ജോൺ മുണ്ടയ്ക്കാട്ട് | ജൂൺ 24 |
| ഫാ. പോൾ മണിയാട്ട് | ജൂൺ 29 |

C. 64/15

## സമർപ്പിത വർഷം

**അഖണ്ഡ ആരാധന**

സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി രൂപതയിലെ സമർപ്പിത സമൂഹങ്ങളിൽ അഖണ്ഡാരാധന ആരംഭിക്കുന്നത് ടി സൂചിപ്പിച്ചതുപോലെ 2015 ഫെബ്രുവരി 2-ന് ആണ്. 13 മണിയാരാധന ആയിട്ടാണ് അഖണ്ഡാരാധന നടത്തേണ്ടത്. അതാതു ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചനുമായി ആലോചിച്ച് ഇടവക ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ആരാധന നടത്തി സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ബഹു. സമപ്പിതർ ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ 31 വരെയുള്ള അഖണ്ഡാരാധനയുടെ ദിവസ ക്രമികരണമാണ് താഴെ കൊടുത്തിരിക്കുക. അതിനുശേഷമുള്ളത് പിന്നാലെ അറിയിക്കുന്ന താണ്. അഖണ്ഡാരാധന രാത്രിയിൽ നടത്തേണ്ടതില്ല.

| | | | |
|---|---|---|---|
| ജൂലൈ | 16 | സി.എം.സി കോൺവെന്റ് | അടിമാലി |
| | 17 | സി.എം.സി കോൺവെന്റ് | ആയിരമേക്കർ |
| | 18 | സി.എം.സി കോൺവെന്റ് | ബഥേൽ |
| | 19 | സി.എം.സി കോൺവെന്റ് | കാൽവരി മൗണ്ട് |
| | 20 | സി.എം.സി കോൺവെന്റ് | ഇടുക്കി |
| | 21 | സി.എം.സി കോൺവെന്റ് | കൈലാസം |
| | 22 | സി.എം.സി കോൺവെന്റ് | കല്ലാർ |
| | 23 | സി.എം.സി കോൺവെന്റ് | കൂമ്പൻപാറ |
| | 24 | സി.എം.സി കോൺവെന്റ് | കൊരണ്ടികാട് |
| | 25 | സി.എം.സി കോൺവെന്റ് | മച്ചിപ്ലാവ് |
| | 26 | സി.എം.സി കോൺവെന്റ് | മഞ്ഞപ്പാറ |
| | 27 | സി.എം.സി കോൺവെന്റ് | മാങ്കടവ് |
| | 28 | സി.എം.സി കോൺവെന്റ് | മങ്കുവ |
| | 29 | സി.എം.സി കോൺവെന്റ് | മുരിക്കാശ്ശേരി |



| | | | |
|---|---|---|---|
| | 30 | സി.എം.സി കോൺവെന്റ് | മുട്ടുകാട് |
| | 31 | സി.എം.സി കോൺവെന്റ് | നെടുംകണ്ടം |
| ആഗസ്റ്റ് | 1 | സി.എം.സി കോൺവെന്റ് | നെല്ലിപാറ |
| | 2 | സി.എം.സി കോൺവെന്റ് | പൈനാവ് |
| | 3 | സി.എം.സി കോൺവെന്റ് | പാറത്തോട് |
| | 4 | സി.എം.സി കോൺവെന്റ് | തോപ്രാംകുടി |
| | 5 | സി.എം.സി കോൺവെന്റ് | ഉപ്പുതോട് |
| | 6 | സി.എം.സി കോൺവെന്റ് | വാഴത്തോപ്പ് |
| | 7 | സി.എം.സി കോൺവെന്റ് | വിമലഗിരി |
| | 8 | എഫ്.സി കോൺവെന്റ് | ചെമ്പകപാറ |
| | 9 | എഫ്.സി കോൺവെന്റ് | ഈട്ടിത്തോപ്പ് |
| | 10 | എഫ്.സി കോൺവെന്റ് | ഇരട്ടയാർ |
| | 11 | എഫ്.സി കോൺവെന്റ് | ജോസ്ഗിരി |
| | 12 | എഫ്.സി കോൺവെന്റ് | കഞ്ഞിക്കുഴി |
| | 13 | എഫ്.സി കോൺവെന്റ് | കരിമ്പൻ |
| | 14 | എഫ്.സി കോൺവെന്റ് | മാവടി |
| | 15 | എഫ്.സി കോൺവെന്റ് | മച്ചിപ്ലാവ് |
| | 16 | എഫ്.സി കോൺവെന്റ് | മുരിക്കാശ്ശേരി |
| | 17 | എഫ്.സി കോൺവെന്റ് | മുരിക്കാശ്ശേരി |
| | 18 | എഫ്.സി കോൺവെന്റ് | പച്ചടി |
| | 19 | എഫ്.സി കോൺവെന്റ് | പനംകുട്ടി |
| | 20 | എഫ്.സി കോൺവെന്റ് | പഴയരിക്കണ്ടം |
| | 21 | എഫ്.സി കോൺവെന്റ് | വട്ടപ്പാറ |
| | 22 | എഫ്.സി കോൺവെന്റ് | വാഴവര |
| | 23 | എഫ്.സി കോൺവെന്റ് | വെള്ളയാംകുടി |
| | 24 | എഫ്.സി കോൺവെന്റ് | വെള്ളയാംകുടി |
| | 25 | എസ്.എച്ച് കോൺവെന്റ് | അടിമാലി |
| | 26 | എസ്.എച്ച് കോൺവെന്റ് | ചെമ്മണ്ണാർ |
| | 27 | എസ്.എച്ച് കോൺവെന്റ് | എഴുകുംവയൽ |
| | 28 | എസ്.എച്ച് കോൺവെന്റ് | എഴുകുംവയൽ |
| | 29 | എസ്.എച്ച് കോൺവെന്റ് | ഇരുമ്പുപാലം |

| | | | |
|---|---|---|---|
| | 30 | എസ്.എച്ച് കോൺവെന്റ് | കല്ലാർകുട്ടി |
| | 31 | എസ്.എച്ച് കോൺവെന്റ് | കഞ്ഞിക്കുഴി |
| സെപ്റ്റംബർ | 1 | എസ്.എച്ച് കോൺവെന്റ് | കാന്തിപാറ |
| | 2 | എസ്.എച്ച് കോൺവെന്റ് | കാന്തിപാറ |
| | 3 | എസ്.എച്ച് കോൺവെന്റ് | കുന്നുകുഴി |
| | 4 | എസ്.എച്ച് കോൺവെന്റ് | മൈലാടുംപാറ |
| | 5 | എസ്.എച്ച് കോൺവെന്റ് | മഞ്ഞപ്പാറ |
| | 6 | എസ്.എച്ച് കോൺവെന്റ് | മുരിക്കാശ്ശേരി |
| | 7 | എസ്.എച്ച് കോൺവെന്റ് | മുരിക്കുംതൊട്ടി |
| | 8 | എസ്.എച്ച് കോൺവെന്റ് | നാരകക്കാനം |
| | 9 | എസ്.എച്ച് കോൺവെന്റ് | നെടുംകണ്ടം |
| | 10 | എസ്.എച്ച് കോൺവെന്റ് | നെടുംകണ്ടം |
| | 11 | എസ്.എച്ച് കോൺവെന്റ് | നെടുംകണ്ടം |
| | 12 | എസ്.എച്ച് കോൺവെന്റ് | പാലാർ |
| | 13 | എസ്.എച്ച് കോൺവെന്റ് | പൊൻമുടി |
| | 14 | എസ്.എച്ച് കോൺവെന്റ് | രാജാക്കാട് |
| | 15 | എസ്.എച്ച് കോൺവെന്റ് | രാജകുമാരി |
| | 16 | എസ്.എച്ച് കോൺവെന്റ് | രാജമുടി |
| | 17 | എസ്.എച്ച് കോൺവെന്റ് | ശ്ലീവാമല |
| | 18 | എസ്.എച്ച് കോൺവെന്റ് | താന്നിക്കണ്ടം |
| | 19 | എസ്.എച്ച് കോൺവെന്റ് | തടിയമ്പാട് |
| | 20 | എസ്.എച്ച് കോൺവെന്റ് | വട്ടവട |
| | 21 | എസ്.എച്ച് കോൺവെന്റ് | വെൺമണി |
| | 22 | എസ്.എച്ച് കോൺവെന്റ് | നീറികോട് |
| | 23 | എസ്.എ.ബി.എസ് കോൺവെന്റ് | ചുരുളി |
| | 24 | എസ്.എ.ബി.എസ് കോൺവെന്റ് | കല്ലുപാലം |
| | 25 | എസ്.എ.ബി.എസ് കോൺവെന്റ് | കാരിത്തോട് |
| | 26 | എസ്.എ.ബി.എസ് കോൺവെന്റ് | കൊമ്പയാർ |
| | 27 | എസ്.എ.ബി.എസ് കോൺവെന്റ് | കുഞ്ചിത്തണ്ണി |
| | 28 | എസ്.എ.ബി.എസ് കോൺവെന്റ് | കുതിരക്കല്ല് |
| | 29 | എസ്.എ.ബി.എസ് കോൺവെന്റ് | മരിയാപുരം |
| | 30 | എസ്.എ.ബി.എസ് കോൺവെന്റ് | മുളകരമോട് |



| | | | |
|---|---|---|---|
| ഒക്ടോബർ | 1 | എസ്.എ.ബി.എസ് കോൺവെന്റ് | മുരിക്കാശ്ശേരി |
| | 2 | എസ്.എ.ബി.എസ് കോൺവെന്റ് | പന്നിയാർകുട്ടി |
| | 3 | എസ്.എ.ബി.എസ് കോൺവെന്റ് | പൊട്ടൻകാട് |
| | 4 | എസ്.എ.ബി.എസ് കോൺവെന്റ് | സഹായഗിരി |
| | 5 | എസ്.എ.ബി.എസ് കോൺവെന്റ് | തങ്കമണി |
| | 6 | എസ്.എ.ബി.എസ് കോൺവെന്റ് | തട്ടേക്കണ്ണി |
| | 7 | എസ്.എ.ബി.എസ് കോൺവെന്റ് | തൂക്കുപാലം |
| | 8 | എസ്.എ.ബി.എസ് കോൺവെന്റ് | വാഴത്തോപ്പ് |
| | 9 | എസ്.എ.ബി.എസ് കോൺവെന്റ് | വെള്ളത്തൂവൽ |
| | 10 | എസ്.ഡി കോൺവെന്റ് | അടിമാലി |
| | 11 | എസ്.ഡി കോൺവെന്റ് | ആനക്കുളം |
| | 12 | എസ്.ഡി കോൺവെന്റ് | കാഞ്ചിയാർ |
| | 13 | എസ്.ഡി കോൺവെന്റ് | കുരിശുപാറ |
| | 14 | എസ്.ഡി കോൺവെന്റ് | മാങ്കുളം |
| | 15 | എസ്.ഡി കോൺവെന്റ് | മുരിക്കാശ്ശേരി |
| | 16 | എസ്.ഡി കോൺവെന്റ് | നച്ചിവയൽ |
| | 17 | എസ്.ഡി കോൺവെന്റ് | ഓർക്കാട്(വട്ടവട) |
| | 18 | എസ്.ഡി കോൺവെന്റ് | പാണ്ടിപ്പാറ |
| | 19 | എസ്.ഡി കോൺവെന്റ് | പണിക്കൻകുടി |
| | 20 | എസ്.ഡി കോൺവെന്റ് | രാജപുരം |
| | 21 | എസ്.ഡി കോൺവെന്റ് | സഹായഗിരി |
| | 22 | എസ്.ഡി കോൺവെന്റ് | തോക്കുപാറ |
| | 23 | എസ്.ഡി കോൺവെന്റ് | തോവരയാർ |
| | 24 | എസ്.ഡി കോൺവെന്റ് | ഉദയഗിരി |
| | 25 | സി.എസ്.എൻ കോൺവെന്റ് | അടിമാലി |
| | 26 | സി.എസ്.എൻ കോൺവെന്റ് | ഭൂമിയാംകുളം |
| | 27 | സി.എസ്.എൻ കോൺവെന്റ് | ദേവികുളം |
| | 28 | സി.എസ്.എൻ കോൺവെന്റ് | ജോസ്പുരം |
| | 29 | സി.എസ്.എൻ കോൺവെന്റ് | കാന്തല്ലൂർ |
| | 30 | സി.എസ്.എൻ കോൺവെന്റ് | കീരിത്തോട് |
| | 31 | സി.എസ്.എൻ കോൺവെന്റ് | മറയൂർ |

## C. 65/15 പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

### ദൈവാഭിമുഖ്യമുള്ള ജീവിതം

**(തിരുവചനഭാഗം: ലൂക്കാ 17,11–18,17)**

ജറുസലേമിലേക്കുള്ള ഈശോയുടെ യാത്രയാണ് ഈ വചനഭാഗത്തിന്റെ പശ്ചാത്തലം. അത് അനുസ്മരിപ്പിക്കുന്ന ഒരു കുറിപ്പുകൊണ്ടാണ് ഈ വചനഭാഗം ആരംഭിക്കുന്നത്: "ജറുസലേമിലേക്കുള്ള യാത്രയിൽ അവൻ സമറിയായ്ക്കും ഗലീലിക്കും മദ്ധ്യേ കടന്നുപോവുകയായിരുന്നു" (17,11). ജറുസലേമിലേക്കുള്ള അവിടുത്തെ യാത്ര തന്റെ പിതാവിന്റെ പക്കലേക്കുള്ള കടന്നുപോകലിന്റെ യാത്രയായിരുന്നു. പിതാവിൽനിന്നും വന്ന് പിതാവിങ്കലേക്കു പോകുന്നു എന്ന അവബോധം ഈശോയുടെ ജീവിതത്തിലുടനീളം കാണുന്നുണ്ട് (യോഹ 13,1-3). ദൈവവചനമായ ഈശോയുടെ ഈ യാത്രയ്ക്ക് പ്രതീകാത്മകമായ ഒരർത്ഥമുണ്ട്. ഗലീലിക്കും ജറുസലേമിനുമിടയ്ക്ക് ഒരു പാലമായി സമറിയാ വർത്തിക്കുന്നു. ഈശോയുടെ ജീവിതത്തിൽ, ദൈവത്തിന്റെ രക്ഷാകരമായ വചനത്തിന്, ഗലീലിയിൽനിന്നും ജറുസലേമിലേക്കുള്ള യാത്രയിൽ സമറിയാ ഒരു പാലമായി വർത്തിച്ചു. സഭയുടെ ജീവിതത്തിൽ പിന്നീട് ജറുസലേമിൽനിന്നും ഭൂമിയുടെ അതിർത്തികളിലേക്കുള്ള സുവിശേഷവചനത്തിന്റെ യാത്രയിലും സമറിയാ ഒരു പാലമായി വർത്തിച്ചു: "ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (നട 1,8). സഭയിൽ ദൈവവചനശുശ്രൂഷകനായ പുരോഹിതൻ ദൈവത്തിന്റെ മനുഷ്യനായിരിക്കണമെന്ന് വ്യക്തമാക്കുന്ന ഒരു ഭാഗമായി ഈ വചനഭാഗത്തെ കരുതാം. ദൈവമഹത്ത്വം തേടുന്ന ജീവിതം (17,11-19), ദൈവരാജ്യത്തിന്റെ ആഗമനം (17,20-37), സ്ഥിരതയോടെയുള്ള പ്രാർത്ഥന (18,1-8), പാപബോധത്തോടെയുള്ള പ്രാർത്ഥന (18,9-14), ദൈവഭരണം സ്വീകരിക്കുന്ന ജീവിതം (18,15-17) എന്നിവയാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്.

**1. ദൈവമഹത്ത്വം തേടുന്ന ജീവിതം**

"*ഈശോ ചോദിച്ചു: പത്തു പേരല്ലേ സുഖപ്പെട്ടത്? ബാക്കി*



*ഒൻപതുപേർ എവിടെ? ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്ത്വപ്പെടുത്തണം എന്നു തോന്നിയില്ലേ? അനന്തരം, ഈശോ അവനോടു പറഞ്ഞു: എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു*" (17,17-19).

ഈശോ പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്ന അത്ഭുതമാണ് ഇവിടെ വിവരിക്കുന്നത്. ഗലീലിയ്ക്കും സമറിയായ്ക്കും മദ്ധ്യേകൂടി കടന്നുപോകുകയായിരുന്നു എന്നു പറയുന്നത് ഗലീലിയാക്കാരും സമറിയാക്കാരനും ചേർന്നുള്ള കുഷ്ഠരോഗീസംഘമായിരുന്നു അത് എന്നതിന്റെ ഒരു മുൻസൂചനയാണ്. പത്തു പേരും അകലെ നിന്നുകൊണ്ടുതന്നെ ഈശോയുടെ കരുണ യാചിക്കുന്നു. കുഷ്ഠരോഗി നഗരത്തിനു വെളിയിൽ താമസിക്കുകയും കീറിയ വസ്ത്രം ധരിക്കുകയും മുടി ചീകാതിരിക്കുകയും മേൽച്ചുണ്ട് തുണികൊണ്ടു മറയ്ക്കുകയും 'അശുദ്ധൻ അശുദ്ധൻ' എന്നു വിളിച്ചുപറഞ്ഞ് മറ്റുള്ളവരെ തന്നിൽനിന്ന് അകറ്റിനിർത്തുകയും ചെയ്യണമെന്നാണ് മോശയുടെ നിയമം (ലേവാ 13,45-46; സംഖ്യ 5,2-3). എന്നാൽ ഇവിടെ അവർ ഈശോയെ 'ഗുരോ' എന്നു വിളിച്ച് അവനോടു കരുണ യാചിക്കുന്നു (17,13). തന്നോടു കരുണ യാചിച്ച കുഷ്ഠരോഗികളുടെ അടുത്തു പോകാതെയും സൗഖ്യം സൂചിപ്പിക്കുന്ന ഒരു വാക്കുപോലും പറയാതെയും ഈശോ അവരെ പുരോഹിതരുടെ പക്കലേക്ക് പറഞ്ഞയയ്ക്കുന്നു: "പോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്കു കാണിച്ചുകൊടുക്കുവിൻ" (17,14). കുഷ്ഠരോഗസൗഖ്യം സാക്ഷ്യപ്പെടുത്തേണ്ടത് പുരോഹിതനാണ് (ലേവാ 13,49; 14,2-3). അവരുടെ വിശ്വാസവും അനുസരണവും പരീക്ഷിക്കുന്ന ഒരു നിർദ്ദേശമാണ് ഈശോ അവർക്കു നല്കിയത്. ഈ വിശ്വാസപരീക്ഷണത്തെ അതിജീവിക്കുന്ന അവർ പോകുംവഴി ശുദ്ധരാക്കപ്പെടുന്നു; സൗഖ്യം പ്രാപിക്കുന്നു (17,14-15).

പുരോഹിതന്മാർക്കു തങ്ങളെത്തന്നെ കാണിച്ചുകൊടുക്കുവാനുള്ള യാത്രയിൽ കുഷ്ഠരോഗികൾ സുഖം പ്രാപിച്ചു എന്നത് ശ്രദ്ധേയമാണ്. ദൈവാലയത്തോടും നിയമാനുസൃത സഭാസംവിധാനങ്ങളോടുമുള്ള ബന്ധത്തിന്റെ പാതയിലാണ് ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻ കഴിയുന്നത്. ദൈവത്തിൽനിന്നും കൃപകൾ പ്രാപിക്കുവാൻ ദൈവം ക്രമീകരിച്ചിട്ടുള്ള മുഖാന്തരങ്ങളെ, സഭ

യെയും കൂദാശകളെയും, സ്വീകരിക്കണം. അവയുടെ സ്വീകരണ പാതയിലാണ് കൃപകളുടെ പൂർണ്ണയനുഭവം നമുക്കുണ്ടാകുന്നത്. കൂദാശകളുടെ പരികർമ്മിയായ പുരോഹിതൻ ഈ അവബോധം ഉൾക്കൊള്ളുകയും വിശ്വാസികളിൽ ഈ അവബോധം വളർത്തുകയും വേണം.

പത്തു കുഷ്ഠരോഗികളിൽ ഒരാൾ സമരിയാക്കാരനായിരുന്നു. അയാൾ ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് മടങ്ങിവന്ന് ഈശോയുടെ കാൽക്കൽ കമിഴ്ന്നു വീണ് നന്ദി പറഞ്ഞു (17,15-16). സമരിയാക്കാരൻ ഇപ്രകാരം ചെയ്യുന്നത് ഈശോയിലൂടെ പ്രവർത്തിച്ചത് ദൈവമാണെന്ന് അവൻ അംഗീകരിച്ചതിനാലാണ്. ഈശോയുടെ പ്രവൃത്തിയിൽ അവൻ ദൈവകരം കണ്ടതുകൊണ്ട് അവന് മനഃപരിവർത്തനമുണ്ടായി. അവൻ ദൈവത്തെ മഹത്ത്വപ്പെടുത്തി (17,18). അവന്റെ വിശ്വാസമാണ് അതിന് അവനെ പ്രാപ്തനാക്കിയത്: "ഈശോ അവനോടു പറഞ്ഞു: എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (17,19). പുരോഹിതൻ വിശ്വാസത്തിന്റെ മനുഷ്യനായിരിക്കണം. ജീവിതാനുഭവങ്ങളുടെ പിന്നിൽ ദൈവത്തിന്റെ പരിപാലനയുടെ കരങ്ങൾ തിരിച്ചറിയുവാനും ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കുവാനും പുരോഹിതനു കഴിയണം. അതിന് പുരോഹിതൻ ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യണം.

**2. ദൈവരാജ്യം തിരിച്ചറിയുന്ന ജീവിതം**

"*ദൈവരാജ്യം എപ്പോഴാണു വരുന്നത് എന്നു ഫരിസേയർ ചോദിച്ചതിന്, അവൻ മറുപടി പറഞ്ഞു: പ്രത്യക്ഷമായ അടയാളങ്ങളോടുകൂടെയല്ല ദൈവരാജ്യം വരുന്നത്. ഇതാ ഇവിടെ, അതാ അവിടെ എന്ന് ആരും പറയുകയുമില്ല. എന്തെന്നാൽ, ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്*" (17,20-21).

ജറുസലേമിലേക്കുള്ള യാത്രയിൽ ഈശോ മനുഷ്യപുത്രന്റെ ആഗമനം സംബന്ധിച്ചു നടത്തുന്ന പ്രബോധനമാണ് ഈ ഭാഗം. സ്വജാതീയരും ഒരു വിജാതീയനുമുൾപ്പെടെ പത്തു കുഷ്ഠരോഗികൾക്ക് ഈശോ ദൈവരാജ്യം അഥവാ ദൈവഭരണാനുഭവം സന്നിഹിതമാക്കിയപ്പോൾ ദൈവരാജ്യം എപ്പോഴാണു വരുന്നതെന്ന് ഫരിസേയർ ചോദിക്കുന്നു. തന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ ഈശോ ദൈവരാജ്യം പ്രഘോഷിക്കുകയായിരുന്നു (മർക്കോ 1,14-15). ഈശോയുടെ പ്രഘോഷണത്തിലൂടെ സമാഗതമായത് ദൈവരാജ്യമാണ്. ദൈവരാജ്യം ദൃശ്യമാണെന്നും അത് നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട് എന്നും അവിടുന്ന് അടയാളസഹിതം യഹൂദരോട് വ്യക്തമാക്കിയിട്ടുള്ളതാണ് (ലൂക്കാ 9,27; 11,20). ദൈവഭരണത്തിന്റെ ആരംഭം മിശിഹായുടെ വരവോടെ നടക്കുമെന്നുള്ള പ്രതീക്ഷ യഹൂദന്മാർക്ക് ഉണ്ടായിരുന്നു (ജോയേൽ 2,1-2; 3,14-15). എന്നാൽ ഈശോമിശിഹായിൽ ദൈവരാജ്യം വന്നു കഴിഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞില്ല. ദൈവരാജ്യമെന്ന യാഥാർത്ഥ്യം ചോദ്യകർത്താക്കൾ തെറ്റിദ്ധരിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിക്കൊണ്ടാണ് ഈശോ മറുപടി പറയുന്നത്. അവർ പ്രതീക്ഷിക്കുന്നതുപോലെ ദൈവരാജ്യം വരുന്നതു തെളിയിക്കാൻ തക്ക പ്രത്യക്ഷമായ അടയാളങ്ങൾ ആകാശത്തിൽനിന്നുണ്ടാവുകയില്ല. ദൈവരാജ്യത്തിന്റെ വരവ് നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമല്ല (17,20). ഇതാ അവിടെ, ഇതാ ഇവിടെ എന്നാർക്കും പറയാൻ സാധിക്കുകയില്ല. കാരണം ദൈവരാജ്യം ചോദ്യകർത്താക്കളുടെ ഇടയിൽത്തന്നെയുണ്ട്. ഈശോയുടെ സാന്നിദ്ധ്യം ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യമാണ് (17,21). ഈശോയുടെ വരവോടെ ദൈവരാജ്യം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും അതു വളർന്നുകൊണ്ടിരിക്കുന്നുവെന്നും അംഗീകരിച്ച് ഈശോയെ സ്വീകരിക്കുവാനും അവിടുന്നിൽ വിശ്വസിക്കുവാനും യഹൂദർ മാനസാന്തരപ്പെടേണ്ടിയിരുന്നു.



ദൈവരാജ്യം നിങ്ങളുടെയിടയിൽത്തന്നെയുണ്ടെന്നു ഫരിസേയരോടു പറഞ്ഞതിനു വിപരീതമായി, ദൈവരാജ്യം കാണാൻ അവർ ഇനിയും കാത്തിരിക്കണമെന്ന് ശിഷ്യരോട് ഈശോ തറപ്പിച്ചു പറയുന്നു (17,22). 'മനുഷ്യപുത്രന്റെ ദിവസം' അവൻ മഹത്ത്വപൂർണനായി വരുന്ന ദിവസമാണ് (21,27-28). ദൈവരാജ്യത്തിന്റെ പൂർണത വന്നുകഴിഞ്ഞിട്ടില്ല. ശിഷ്യർ ഇനിയും കാത്തിരിക്കണം. 'വന്നു കഴിഞ്ഞു, എന്നാൽ ഇനിയും ആയിട്ടില്ല' എന്ന അവസ്ഥയാണ് ഈശോയുടെ കാലംമുതൽ ദൈവരാജ്യത്തിനുള്ളത് (17,21-22.23-24). അതിനു മുമ്പ് മനുഷ്യപുത്രൻ ഏറെ സഹിക്കുകയും, ഈ തലമുറയാൽ തിര

സ്കരിക്കപ്പെടുകയും ചെയ്യേണ്ടത് ദൈവികമായ ആവശ്യമാണ്; ദൈവത്തിന്റെ പദ്ധതിയാണ് (17,25). ഇത് ഈശോ തന്റെ പീഡാനുഭവത്തെക്കുറിച്ച് ശിഷ്യന്മാർക്കു നല്കുന്ന സൂചനയാണ്. തന്റെ മഹത്ത്വീകരണത്തിലേക്കുള്ള യാത്രാമദ്ധ്യേ അവിടുന്ന് ഇതേപ്പറ്റി പറയുന്നത് അർത്ഥവത്താണ്. മിശിഹായുടെ സഹനവും മഹത്ത്വീകരണവും തമ്മിലുള്ള അഭേദ്യമായ ബന്ധം സുവിശേഷകന്മാരെല്ലാം എടുത്തുകാണിക്കുന്നുണ്ട്. അത് ദൈവികപദ്ധതിയാണ്. മനുഷ്യപുത്രനെ പ്രതീക്ഷിക്കുന്ന സമയം മിശിഹായുടെ സ്വർഗാരോഹണത്തിനും രണ്ടാമാഗമനത്തിനും ഇടയ്ക്കുള്ള സമയമാണ്. അത് സഭയുടെ സമയമാണ്. 'വന്നു-വന്നില്ല', 'പൂർത്തീകരിക്കപ്പെട്ടു എങ്കിലും പ്രതീക്ഷിക്കുന്നു' എന്ന അന്ത്യാത്മകസ്വഭാവമുള്ള ക്രൈസ്തവജീവിതത്തിന്റെ സമയമാണ്. ജീവിതത്തിൽ ആസ്വദിക്കുന്ന മിശിഹാനുഭവത്തിന്റെ സന്തോഷവും അവിടുത്തെ രണ്ടാം ആഗമനത്തെ കാത്തിരിക്കുന്ന പ്രത്യാശയും ഒത്തുചേരുന്ന സമയം. മിശിഹായോടൊത്ത് സഹനത്തിലൂടെ മഹത്ത്വത്തിലേക്ക് നടന്നടുക്കുന്ന ജീവിതം. "പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ; പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ" (റോമാ 12,12) എന്നുള്ള പൗലോസ്ശ്ലീഹായുടെ വാക്കുകൾ ക്രൈസ്തവജീവിതത്തിന്റെ ഈ സ്വഭാവം വ്യക്തമാക്കുന്നവയാണ്. സന്തോഷവും പ്രത്യാശയും കലർന്ന ഈ ജീവിതം നയിക്കേണ്ടത് ലോകത്തിനടിമപ്പെടാതെയും (17,26-30) വിശ്വാസത്തിന്റെ ഉണർവോടെയും (17,31-35) ആയിരിക്കണമെന്ന് നോഹയുടെയും ലോത്തിന്റെയും ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് ഈശോ പഠിപ്പിക്കുന്നു. സഭയിലുള്ള ദൈവരാജ്യ സാന്നിദ്ധ്യത്തിലേക്കുള്ള ഉണർവോടെ ജീവിക്കുവാനും പ്രത്യാശയിൽ സന്തോഷത്തോടെ ശുശ്രൂഷ ചെയ്യുവാനും ഇതു പുരോഹിതർക്കു പ്രചോദനമാകണം.

**3. സ്ഥിരതയോടെ പ്രാർത്ഥിക്കുന്ന ജീവിതം**

"*ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നു കാണിക്കാൻ ഈശോ അവരോട് ഒരു ഉപമ പറഞ്ഞു*" (18,1).

ക്രിസ്തീയജീവിതം മനുഷ്യപുത്രന്റെ വരവിനായുള്ള കാത്തിരിപ്പിന്റെയും സഹനങ്ങളുടെയും ജീവിതമാണെന്ന് മുകളിൽപ്പറയു



കയുണ്ടായി. സഹനങ്ങളുടെ ആധിക്യം നിമിത്തം "അങ്ങ് എത്രത്തോളം വൈകും?" (വെളി 6,10) എന്ന പ്രാർത്ഥന പലപ്പോഴും ക്രൈസ്തവരുടെ അധരങ്ങളിൽനിന്നും ഉയിരും. അതുകൊണ്ട് പ്രാർത്ഥനയിൽ സ്ഥിരതയോടെ വർത്തിക്കുവാനും വിശ്വാസത്തിൽനിന്നും വ്യതിചലിക്കാതെ ജീവിക്കുവാനും ക്രൈസ്തവർക്കു കഴിയണം. അതിനെ ഉദാഹരിക്കുന്ന ഒരു ഉപമയാണ് ന്യായാധിപന്റെയും വിധവയുടെയും ഉപമ (18,1-8). ഉപമയിലെ വിധവ വിശ്വാസസ്ഥിരതയോടും പ്രതീക്ഷയോടുംകൂടെ പ്രാർത്ഥിക്കുന്നതിനു നല്ല മാതൃകയാണ്; ദൈവരാജ്യം അവകാശപ്പെടുത്താൻ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരുടെ ഒരു പ്രതിനിധിയാണ്. അതോടൊപ്പം നിസ്സഹായതയിൽ സഹായിക്കുന്ന ദൈവത്തെയും ഉപമയിൽ കാണാം. "ദൈവം അനാഥർക്കു പിതാവും വിധവകൾക്കു സംരക്ഷകനുമാണ്" (സങ്കീ 68,5). ദൈവത്തിലാശ്രയിച്ച് സ്ഥിരതയോടെ പ്രാർത്ഥിക്കുന്നവരാകാൻ ഈശോ ആഹ്വാനം ചെയ്യുന്നു. അതോടൊപ്പംതന്നെ ഈശോ നമ്മുടെ ശ്രദ്ധ ന്യായാധിപനിലേക്കു തിരിച്ചുവിട്ട് ദൈവത്തിലേക്കു നയിക്കുന്നു. നീതിരഹിതനായ ന്യായാധിപൻ വിധവയുടെ സ്ഥിരമായ പ്രാർത്ഥന ശ്രവിച്ച് ശല്യം ഒഴിവാക്കാൻവേണ്ടി നീതി നടത്തിക്കൊടുക്കുമെങ്കിൽ നീതിമാനും സ്നേഹസമ്പന്നനുമായ ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ രാവും പകലുമുള്ള നിരന്തരമായ നിലവിളി കേൾക്കുന്നതിൽ എത്രയോ ഉത്സാഹം ഉള്ളവനായിരിക്കും! 'ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ' എന്ന അഭിധാനം ഇവിടെ മാത്രമേ ലൂക്കാ സുവിശേഷകൻ ഉപയോഗിച്ചിട്ടുള്ളു. ഇതു സങ്കീർത്തനങ്ങളിൽ പലയിടത്തും കാണാം (സങ്കീ 77,31; 88,3; 104,6.43). ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ, ദൈവത്തിന്റെ സ്വന്തം, ജനമാണല്ലോ പഴയനിയമ ഇസ്രായേലും (നിയ 4,37; 7,7; 10,15; 14,2) പുതിയ ഇസ്രായേലായ സഭയും (1 പത്രോ 2,9). അതുകൊണ്ട് സഭാംഗങ്ങളെല്ലാവരും പ്രാർത്ഥനയിൽ സ്ഥിരതയോടുകൂടി വർത്തിച്ച് ഈ ലോകത്തിലെ തങ്ങളുടെ അന്ത്യാത്മകജീവിതം നയിക്കണമെന്ന് ഈ സുവിശേഷഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു.

"മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (18,8) എന്ന നാടകീയമായ ചോദ്യത്തോടുകൂടിയാണ്

ഈ ഉപമ അവസാനിപ്പിക്കുന്നത്. വിശ്വാസത്തിന്റെ പ്രകാശനമാണ് പ്രാർത്ഥന. വിശ്വാസമുള്ളവരേ പ്രാർത്ഥിക്കുകയുള്ളു. പ്രാർത്ഥനയിലൂടെ വിശ്വാസത്തിൽ വളർച്ചയുണ്ടാകും. പ്രാർത്ഥിച്ചില്ലെങ്കിൽ വിശ്വാസം ക്ഷയിച്ചുപോകും. അപ്രകാരം പ്രാർത്ഥനയും വിശ്വാസവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. അതുകൊണ്ടാണ് ഇവിടെ വിശ്വാസം പരാമർശിക്കപ്പെടുന്നത്. പ്രാർത്ഥനയിലുള്ള സ്ഥിരത വിശ്വാസത്തിലുള്ള സ്ഥിരതയാണ്. സഹനങ്ങളിലൂടെ കടന്നുപോകുന്ന അന്ത്യാത്മക സ്വഭാവമുള്ള ക്രൈസ്തവജീവിതം സ്ഥിരതയോടുകൂടിയ പ്രാർത്ഥനയാൽ ശക്തി പ്രാപിക്കുന്നില്ലെങ്കിൽ, അതിന്റെ തനിമയിൽ നിലനില്ക്കുകയില്ല. അതുകൊണ്ട് ഏതെല്ലാം പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടി വന്നാലും വിശ്വാസത്തിൽ സ്ഥിരതയോടുകൂടി നിലനില്ക്കുവാനും പ്രാർത്ഥനയിൽ ശക്തി പ്രാപിക്കുവാനും സഭാംഗങ്ങൾക്കു കഴിയണം. സഭയിൽ നേതൃത്വശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതനെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകമാംവിധം പ്രസക്തമാണ്. വിശ്വാസത്തിനു വെല്ലുവിളികൾ ഉയർത്തുന്ന ശുശ്രൂഷയാണ് സഭാശുശ്രൂഷ. വിശ്വാസികളുടെ സമൂഹമായി സഭയെ കെട്ടിപ്പടുക്കുന്ന ശുശ്രൂഷയിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ അതിജീവിച്ചു മുന്നേറണമെങ്കിൽ പുരോഹിതൻ സ്ഥിരതയോടുകൂടി പ്രാർത്ഥിക്കുന്ന വ്യക്തിയായിരിക്കണം. അങ്ങനെ പ്രാർത്ഥിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**4. പാപബോധമുള്ള ജീവിതം**

"*ആ ചുങ്കക്കാരനാകട്ടെ, ദൂരെനിന്നു സ്വർഗത്തിലേക്കു കണ്ണുകൾ ഉയർത്താൻപോലും ധൈര്യപ്പെടാതെ, മാറത്തടിച്ചുകൊണ്ട്, ദൈവമേ, പാപിയായ എന്നിൽ കനിയണമേ എന്നു പ്രാർത്ഥിച്ചു. ഞാൻ നിങ്ങളോടു പറയുന്നു, ഇവൻ ആ ഫരിസേയനെക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി. എന്തെന്നാൽ, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും*" (18,13-14).

തങ്ങൾ നീതിമാന്മാരാണ് എന്ന ധാരണയിൽ തങ്ങളിൽത്തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോട് ഈശോ പറയുന്ന ഉപമയാണ് ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ (18,9). തങ്ങളൊഴിച്ചു ബാക്കിയുള്ളവരെല്ലാം നീതിരഹിതരെന്നു കരുതി അവരെ പുച്ഛിക്കുകയും തങ്ങളുടെ നീതിനിഷ്ഠയിൽ ആശ്രയിക്കുകയും ചെയ്തിരുന്നവർ മുഖ്യമായും ഫരിസേയരും നിയമജ്ഞരുമാണ്. അവരെ ലക്ഷ്യമാക്കിയാണ് ഈശോ ഈ ഉപമ പറയുന്നത്. രണ്ടുപേരും ഒരേ ലക്ഷ്യത്തോടുകൂടിയാണ് ദൈവാലയത്തിലേക്കു പോകുന്നത് - പ്രാർത്ഥിക്കുക; ദൈവത്തിന്റെ മുമ്പിൽ നീതിമാന്മാരായി വർത്തിക്കുക. എന്നാൽ രണ്ടുപേരുടെയും പ്രാർത്ഥനകളിലുള്ള വ്യത്യാസം വളരെ പ്രകടമാണ്. വാക്കുകളിലും നിലപാടുകളിലും വലിയ വ്യത്യാസമുണ്ട്. യഹൂദരുടെയിടയിൽ നിന്നുകൊണ്ടു പ്രാർത്ഥിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്. നന്ദിപ്രകാശനം അവരുടെ പ്രാർത്ഥനയുടെ പ്രധാനപ്പെട്ട ഒരു രൂപവുമായിരുന്നു. അതിനനുസൃതമായിട്ടാണ് ഫരിസേയൻ പ്രാർത്ഥിക്കുന്നത്. എന്നാൽ അയാളുടെ വാക്കുകൾ അയാളുടെ ഹൃദയഭാവം വെളിപ്പെടുത്തുന്നു. സ്വയം നീതികരിക്കുന്നതും മറ്റുള്ളവരെ വിധിക്കുന്നതുമായ ഹൃദയഭാവത്തോടുകൂടിയാണ് അയാൾ പ്രാർത്ഥിച്ചത്: "ഞാൻ അക്രമികളും നീതിരഹിതരും വ്യഭിചാരികളുമായ മറ്റു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ല" (18,11). സ്വയം കേന്ദ്രീകൃത പ്രാർത്ഥനയായിരുന്നു അയാളുടേത്. അതുപോലെതന്നെ ദൈവത്തെക്കൊണ്ട് തനിക്കാവശ്യമില്ല എന്നു സമർത്ഥിക്കുന്ന രീതിയിൽ അയാൾ ചെയ്യുന്ന ഭക്താഭ്യാസങ്ങൾ (ഉപവാസം, ദശാംശം) എടുത്തുപറഞ്ഞുകൊണ്ടാണ് അയാൾ പ്രാർത്ഥിക്കുന്നത് (18,12). ദൈവവുമായി സ്നേഹബന്ധം പുലർത്താതെയും സഹോദരരെ സ്നേഹിക്കാതെയുമുള്ള ഒരു പ്രാർത്ഥനയാണ് അയാൾ നടത്തിയത്. അതുകൊണ്ട് അയാൾ വിശുദ്ധീകരിക്കപ്പെട്ടില്ല.

അതേസമയം, താൻ പാപിയാണെന്നും അനർഹനാണെന്നുമുള്ള അവബോധമാണ് ചുങ്കക്കാരനെ ഭരിക്കുന്നത്. അവന്റെ അയോഗ്യതാബോധം വ്യക്തമാക്കുന്ന നാലു കാര്യങ്ങൾ സുവിശേഷകൻ പറഞ്ഞിട്ടുണ്ട്: അവൻ ദൂരെ നിന്നു; സ്വർഗത്തിലേക്കു കണ്ണുകളുയർത്താൻ ധൈര്യപ്പെട്ടില്ല; മാറത്തടിച്ചു; ദൈവമേ, പാപിയായ എന്നിൽ കനിയണമേ എന്നപേക്ഷിച്ചു (18,13). അനുതാപസങ്കീർത്തനത്തിന്റെ (സങ്കീ 51) ചൈതന്യമാണ് അവനെ ഭരിച്ചത്: "ഉരുകിയ

മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി; ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങു നിരസിക്കുകയില്ല" (സങ്കീ 51,17). തന്റെ അനർഹതയിലേക്കും ദൈവകരുണയിലേക്കും മാത്രമാണ് അവന്റെ ശ്രദ്ധ; അവന്റെ ആശ്രയവും ദൈവകരുണ മാത്രമാണ്. സ്വയം നീതീകരിച്ചവനെ ദൈവം നീതീകരിച്ചില്ല. പാപബോധത്തോടെ പ്രാർത്ഥിച്ചവൻ നീതീകരിക്കപ്പെട്ടു (18,14). പാപബോധത്തോടെ ദൈവത്തെ സമീപിക്കുന്നവർക്കാണ് ദൈവത്തിന്റെ രക്ഷാകരസ്നേഹം അനുഭവവേദ്യമാകുന്നത്. അവർക്കാണ് അവിടുത്തെ വിശുദ്ധീകരണാനുഭവം ലഭിക്കുന്നതും (ഏശ 6,1-7).

സഭാംഗങ്ങളുടെയിടയിലും പുരോഹിതരുടെയിടയിലും ഫരിസേയമനോഭാവം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് ആരാധനക്രമ കേന്ദ്രീകൃതജീവിതം നയിക്കാതെ ഭക്തകൃത്യാനുഷ്ഠാനങ്ങളിൽ കേന്ദ്രീകൃതമായ ആദ്ധ്യാത്മികജീവിതം നയിക്കുന്നവർക്കാണ് ഈ അപകടം സംഭവിക്കുന്നത്. ആരാധനക്രമത്തിൽ കേന്ദ്രീകൃതവും ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഹൃദയഭാവങ്ങൾ ഉൾക്കൊള്ളുന്നതുമായ ആദ്ധ്യാത്മികതയുള്ളവരാണ് പാപബോധത്തോടെ ദൈവസാന്നിദ്ധ്യത്തിൽ വ്യാപരിക്കുന്നവരും ദൈവത്താൽ വിശുദ്ധീകരിക്കപ്പെടുന്നവരും. ദൈവബോധവും പാപബോധവും നിറഞ്ഞുനില്ക്കുന്നവയാണ് സഭയുടെ പ്രാർത്ഥനകൾ. സഭയുടെ പ്രാർത്ഥനയാകുന്ന പഠനക്കളരിയിൽ പരിശീലിപ്പിക്കപ്പെട്ട് പാപബോധമുള്ള ജീവിതം നയിക്കുവാൻ പുരോഹിതനു കഴിയണം. ഇങ്ങനെയുള്ള ജീവിതം നയിക്കുവാൻ പുരോഹിതൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**5. ദൈവരാജ്യം സ്വീകരിക്കുന്ന ജീവിതം**

*"എന്നാൽ, ഈശോ അവരെ തന്റെ അടുത്തേക്കു വിളിച്ചിട്ടു പറഞ്ഞു: ശിശുക്കൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല"* (18,16-17).



റബ്ബിമാരുടെയടുക്കൽ അനുഗ്രഹത്തിനുവേണ്ടി ശിശുക്കളെ കൊണ്ടുപോകുന്ന രീതി യഹൂദരുടെയിടയിലുണ്ടായിരുന്നു. അപ്രകാരം ശിശുക്കളെ ഈശോയുടെ അടുക്കൽ കൊണ്ടുവന്നപ്പോൾ ശിഷ്യന്മാർഅവരെ ശകാരിച്ചു. ശിഷ്യരുടെ ഈ നടപടിക്കു കാരണം എന്താണെന്നു വ്യക്തമല്ല. ഒരുപക്ഷേ ജറുസലേമിലേക്കും പീഡാസഹനങ്ങളിലേക്കുമുള്ള യാത്രയിൽ ക്ഷീണിതനായിരുന്ന ഈശോയെക്കുറിച്ച് അവർക്കു കരുതലുണ്ടായിരുന്നതുകൊണ്ടാവാം. വിശുദ്ധ മർക്കോസിന്റെ സുവിശേഷമനുസരിച്ച്, "ഇതു കണ്ടപ്പോൾ ഈശോ കോപിച്ച് അവരോടു പറഞ്ഞു: ശിശുക്കൾ എന്റെയടുത്തു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്" (10,14). പിന്നീട് ഈശോ ശിശുക്കളെ എടുത്ത്, അവരുടെമേൽ കൈകൾ വച്ച് അനുഗ്രഹിച്ചു (മർക്കോ 10,16). ഈ സന്ദർഭത്തിൽ രണ്ടു കാര്യങ്ങളാണ് ഈശോ ശിശുക്കളെപ്പറ്റി പറയുന്നത്: 1. ദൈവരാജ്യം അവരെപ്പോലെയുള്ളവരുടേതാണ് (18,16); 2. ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കയില്ല (18,17). 'ശിശുക്കളെപ്പോലെയാകുക' എന്നു പറഞ്ഞാൽ 'മാനസാന്തരപ്പെടുക' എന്നാണെന്ന് മത്തായിസുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട്: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ 18,3). മാനസാന്തരമാണല്ലോ ദൈവരാജ്യപ്രവേശനത്തിനുള്ള അടിസ്ഥാനപരമായ വ്യവസ്ഥ.

ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കുക എന്നതിന്റെ അർത്ഥം, ശിശുക്കളുടെ ആന്തരികാവസ്ഥയിലേക്ക് മുതിർന്നവർ രൂപാന്തരപ്പെടണമെന്നാണ്. ശിശുക്കളുടെ ആന്തരികാവസ്ഥയിൽ ശ്രദ്ധേയമായ മൂന്നു കാര്യങ്ങളുണ്ട്: 1. ആനന്ദം നിറഞ്ഞ ആശ്രയബോധം. മാതാപിതാക്കളെയും മുതിർന്നവരെയും അവകാശത്തോടെ ആശ്രയിക്കുവാൻ ശിശുക്കൾക്കു കഴിയും. ദൈവമക്കൾ എന്ന അവകാശത്തോടെതന്നെ, പൂർണമായും സന്തോഷത്തോടെ ദൈവപിതാവിൽ ആശ്രയിക്കുവാൻ നമുക്കു കഴിയണം. 2. അനുസരണയുടെയും വിധേയത്വത്തിന്റെയും ആവശ്യബോധം. അനുസരണക്കേട് ഉണ്ടാകാറുണ്ടെങ്കിലും അനുസരണത്തിന്റെ ആവശ്യകത ശിശുക്കൾക്കറിയാം. ഇതുപോലെ, ദൈവഭരണത്തിനു വിധേയപ്പെടുവാ

നുള്ള ഉത്തരവാദിത്വബോധം നമുക്കുണ്ടാവണം. 3. മറക്കുവാനും പൊറുക്കുവാനുമുള്ള സന്നദ്ധത. ക്ഷമയുടെയും പൊരുത്തപ്പെടലിന്റെയും അനുരഞ്ജനത്തിന്റെയും ആത്മാർത്ഥമായ സ്നേഹബന്ധത്തിന്റെയും നല്ല ഉദാഹരണം എപ്പോഴും ശിശുക്കളാണ്. ഇപ്രകാരമുള്ള ശിശുസഹജമായ സവിശേഷതകൾ ഉണ്ടെങ്കിൽ നമുക്കു ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കുവാൻ കഴിയും. ഈ സവിശേഷതകൾ ഉണ്ടാകണമെങ്കിൽ നമ്മുടെ ആന്തരികാവസ്ഥയിൽ മാനസാന്തരത്തിന്റെ മാറ്റം വരണം. ഇപ്രകാരമുള്ള മാനസാന്തരാനുഭവത്തിന്റെ ഉടമയായിരിക്കണം പുരോഹിതൻ. പുരോഹിതശുശ്രൂഷയിൽ ഈ മാനസാന്തരാനുഭവം പ്രതിഫലിക്കും. അതു മാനസാന്തരാനുഭവത്തിൽ വളരുവാൻ സഭാംഗങ്ങൾക്ക് പ്രചോദനമാവുകയും ചെയ്യും.

**ജീവിതസൂചിക**

1. ജീവിതാനുഭവങ്ങളുടെ പിന്നിൽ ദൈവത്തിന്റെ പരിപാലന ദർശിക്കുവാനും ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?

2. സഭയിലുള്ള ദൈവരാജ്യ സാന്നിദ്ധ്യത്തിലേക്കുള്ള ഉണർവോടെ പ്രത്യാശയോടും സന്തോഷത്തോടുംകൂടെ ശുശ്രൂഷ ചെയ്യുവാൻ എനിക്കു കഴിയുന്നുണ്ടോ?

3. സ്ഥിരതയോടുകൂടി പ്രാർത്ഥിക്കുവാനും അപ്രകാരം പ്രാർത്ഥിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

4. സഭയുടെ പ്രാർത്ഥനയാകുന്ന പഠനക്കളരിയിൽ പരിശീലിപ്പിക്കപ്പെട്ടു പാപബോധത്തോടെ പ്രാർത്ഥിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ; ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?

5. മാനസാന്തരാനുഭവത്തിലൂടെ ശിശുസഹജമായ സവിശേഷതകൾ പരിപോഷിപ്പിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

### CJ. 40/15 പുസ്തകവിതരണം

2015-16 പ്രവർത്തന വർഷത്തെക്കുള്ള സൺഡേസ്കൂൾ, റഗുലർ സ്കൂൾ (വേദപാഠം, സന്മാർഗ്ഗം) പുസ്തകങ്ങൾ ക്രിസ്തുജ്യോതി ഓഫീസിൽ വിതരണത്തിനു തയ്യാറായിട്ടുണ്ട്. പുസ്തകങ്ങൾ വാങ്ങുമ്പോൾ തന്നെ മുഴുവൻ തുകയും നൽകേണ്ടതാണ്. സന്മാർഗ്ഗപാഠം Std I മുതൽ Std IV വരെ ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 35 വീതവും Std V മുതൽ Std X വരെ ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 40 വീതവും ആയിരിക്കും. XI, XII ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 20 വീതവും ആണ്. സ്കൂൾ കാറ്റക്കിസം പുസ്ത കങ്ങളുടെ വില I-ാം ക്ലാസുമുതൽ VIII-ാം ക്ലാസുവരെ Rs. 24 വീതവും, IX, X ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 20 വീതവും, XI, XII ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 26 വീതവും ആണ്. സൺഡേസ്കൂൾ പുസ്തകങ്ങളുടെ വില I-ാം ക്ലാസുമുതൽ IV-ാം ക്ലാസുവരെ Rs. 25 വീതവും, ബാക്കി ക്ലാസുകളിലെ പുസ്തകങ്ങളുടെ വില Rs. 30 വീതവും ആണ്.

### CJ. 41/15 ഉപപാഠപുസ്തകം

ഈ അദ്ധ്യായന വർഷം മുതൽ 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്കായി ഒരു ഉപപാഠപുസ്തകം കൂടി ഉണ്ടായിരിക്കും. പുസ്തകത്തിന്റെ വില Rs. 5 ആണ്.

### CJ. 42/15 സൺഡേ സ്കൂൾ ബാഗ്

സൺഡേസ്കൂൾ കുട്ടികൾക്കായി രൂപതാ കേന്ദ്രത്തിൽ നിന്നും ബാഗ് തയ്യാറായിട്ടുണ്ട്. വില Rs. 60, 110. സ്കൂളിൽ കുട്ടികൾക്ക്

ഉപയോഗിക്കാൻ സാധിക്കുന്ന മോഡലിലുള്ള ബാഗ് കുറച്ച് സ്റ്റോക്ക് ഉണ്ട്.

## CJ. 43/15 സ്റ്റഡിഫോറം

ജൂൺ മാസത്തെ സ്റ്റഡിഫോറം വിഷയം മെയ് ലക്കം താലന്ത് മാസികയിലെ വിഷയമായിരിക്കും.

## CJ. 44/15 ഇടവകവിഹിതം

2015-16 പ്രവർത്തന വർഷത്തിൽ കുട്ടികളിൽനിന്നും ഇടവക വിഹിതം Rs. 10 വർഷാരംഭത്തിൽതന്നെ കളക്ട് ചെയ്യാൻ ശ്രദ്ധിക്കുമല്ലൊ.

## CJ. 45/15 ലോഗോസ്ക്വിസ് 2015

പഠനഭാഗം :- സംഖ്യ 1-10
സുഭാഷിതങ്ങൾ 1-9
യോഹന്നാൻ 1-12
യൂദാസിന്റെ ലേഖനം.

രൂപതാതല പരീക്ഷാതിയതി:- 2015 സെപ്റ്റംബർ 27 ന് 2.00 pm മുതൽ 3.30 pm വരെ.

സംസ്ഥാനതല പരീക്ഷ:- 2015- നവംബർ 28, 29.

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2015 ജൂൺ 1.

രജിസ്ട്രേഷൻ അവസാനിക്കുന്നത് 2015 ജൂലൈ 30.

പങ്കെടുക്കുന്നവരെ താഴെ പറയുന്ന 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A. വിഭാഗം 1-1-2004 ന് ശേഷം ജനിച്ചവർ.
B. വിഭാഗം 1-1-1999 നും 31-12-2003 നും ഇടക്ക് ജനിച്ചവർ.
C. വിഭാഗം 1-1-1984 നും 31-12-1998 നും ഇടക്ക് ജനിച്ചവർ.
D. വിഭാഗം 1-1-1964 നും 31-12-1983 നും ഇടക്ക് ജനിച്ചവർ.
E. വിഭാഗം 1-1-1951 നും 31-12-1963 നും ഇടക്ക് ജനിച്ചവർ.
F. വിഭാഗം 31-12-1950 ന് മുമ്പ് ജനിച്ചവർ.



ലോഗോസ് ക്വിസ് ഓൺലൈൻ രജിസ്ട്രേഷൻ ആണ് നടത്തേണ്ടത്. ഓരോ ഇടവകയും സ്വന്തം ഉത്തരവാദിത്വത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. 2015 ജൂലൈ 30 ന് മുമ്പായി മത്സരാർത്ഥികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസും ക്രിസ്തുജോതി ഓഫിസിൽ എത്തിക്കണം. രജി. ഫീസ് Rs. 10 ആണ്.

4-ാം ക്ലാസുമുതൽ 12-ാം ക്ലാസുവരെ എല്ലാകുട്ടികളെയും അവരുടെ മാതാപിതാക്കളെയും കഴിയുന്നത്ര ഇടവകാംഗങ്ങളെയും ക്വിസിൽ പങ്കെടുപ്പിക്കുമല്ലോ.

സമ്മാനങ്ങൾ.

1. രൂപതാതലത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.
2. ഇടവകാഗംങ്ങളുടെ എണ്ണത്തിന് ആനുപാതികമായി കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് സമ്മാനം.
3. ഏറ്റവും നല്ല പെർഫോമൻസ് കാഴ്ച്ചവയ്ക്കുന്ന ഇടവകയ്ക്ക് സമ്മാനം.
4. ഓരോ വിഭാഗത്തിലും രൂപതാതലത്തിൽ 1st, 2nd, 3rd, 4th റാങ്കുകാർക്ക് സമ്മാനം.
5. ഓരോ ഇടവകയിലും ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് സമ്മാനം.
6. ലോഗോസ് ഫാമിലിക്ക് ഇടവക തലത്തിൽ സമ്മാനം നൽകാവുന്നതാണ്.
7. ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന മതാദ്ധ്യാപകർക്ക് സമ്മാനം ഉണ്ടായിരിക്കും.

## CJ. 46/15 SSC പരീക്ഷക്കു 100% വിജയം നേടിയ സൺഡേ സ്കൂളുകൾ

1. ഭൂമിയാംകുളം
2. ചിന്നാർനിരപ്പ്
3. ചെമ്മണ്ണാർ
4. ചേമ്പളം
5. കോമ്പയാർ
6. ഇടുക്കി
7. ഇരുമ്പുപാലം
8. ജോസ്പുരം
9. കൈലാസം
10. കല്ലാർ

11. കോഴിമല
12. കാമാക്ഷി
13. കനകക്കുന്ന്
14. കരിക്കുംതോളം
15. കരിമല
16. കൂമ്പൻമല
17. കുതിരക്കല്ല്
18. കുരിശുപാറ
19. ലോവർകുളമാവ്
20. മാങ്കുളം
21. മാൻകടവ്
22. മുട്ടുകാട്
23. മണിയാറൻകുടി
24. മൈലാടുംപാറ
25. നാങ്കുതൊട്ടി
26. നസ്രത്തുവാലി
27. പനംകുട്ടി
28. പാലാർ
29. പേഴുംകണ്ടം
30. പൈനാവ്
31. പൊട്ടൻകാട്
32. പച്ചടി
33. രാജമുടി
34. സ്നേഹഗിരി
35. തൂക്കുപാലം
36. താന്നിക്കണ്ടം
37. തട്ടേക്കണ്ണി
38. വാഴവര
39. വാത്തിക്കുടി
40. വട്ടപ്പാറ

**CJ. 47/15 HCC പരീക്ഷക്കു 100% വിജയം നേടിയ സൺഡേ സ്കൂളുകൾ**

1. ആന്റോപുരം
2. ആയിരംമേക്കർ
3. അൽഫോൻസാ നഗർ
4. കാൽവരിമൗണ്ട്
5. കോമ്പയാർ
6. ചിന്നാർനിരപ്പ്
7. ചെമ്പകപ്പാറ
8. ചേമ്പളം
9. ചെമ്മണ്ണാർ
10. ഈട്ടിത്തോപ്പ്
11. ഇരുമ്പുപാലം
12. ജോസ്പുരം
13. ജോസ്ഗിരി
14. കൂമ്പൻപാറ
15. കാരിത്തോട്
16. കനകക്കുന്ന്
17. കാന്തിപ്പാറ
18. കോഴിമല
19. കീരിത്തോട്
20. കൈലാസം
21. കട്ടക്കാല
22. കുരിശുപാറ
23. കാമാക്ഷി
24. മുട്ടുകാട്
25. മഞ്ഞപ്പാറ
26. മുളകുവള്ളി
27. മൈലാടുംപാറ
28. മാൻകടവ്



29. മുരിക്കുംതൊട്ടി
30. നീലിവയൽ
31. പേഴുംകണ്ടം
32. പൊട്ടൻകാട്
33. പാലാർ
34. പനംകുട്ടി
35. പെരിഞ്ചാംകുട്ടി
36. രാജാക്കാട്
37. ശാന്തിഗ്രാം
38. സ്നേഹഗിരി
39. താന്നിക്കണ്ടം
40. തൊവരയാർ
41. തോക്കുപാറ
42. വെള്ളത്തൂവൽ
43. വട്ടപ്പാറ

## CORPORATE EDUCATIONAL AGENCY, IDUKKI

Edn.26/15 **വർഷാരംഭം**

ഒരു പുതിയ അദ്ധ്യായനവർഷത്തിലേക്ക് ഒത്തിരിയേറെ പ്രതീക്ഷകളോടെ നാം പ്രവേശിക്കുകയാണ്. കഴിഞ്ഞുപോയ വർഷത്തിലെ കൂട്ടായ പ്രയത്നം മികവാർന്ന വിജയം നമ്മുടെ സ്കൂളുകളിൽ-പ്രത്യേകിച്ച് പൊതുപരിക്ഷകളിൽ നമുക്കു നേടാൻ സാധിച്ചു. അതിനായി സഹകരിച്ച, നേതൃത്വം കൊടുത്ത എല്ലാവർക്കും ആത്മാർത്ഥമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കട്ടെ.

ജ്ഞാന സമ്പാദനത്തോടൊപ്പം ഒരു വ്യക്തി അവന്റെ സ്വന്തം കാലിൽ നില്ക്കുവാനും ആത്മാഭിമാനത്തോടെ ജീവിത സാഹചര്യങ്ങളെ അഭിമുഖികരിക്കുവാനും പ്രാപ്തനാകുമ്പോഴാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണ്ണമാകുന്നത്. ഗുണമേന്മയും ഗുണനിലവാരവും അത്യധികം പരിഗണിക്കപ്പെടുന്ന ഈ

കാലഘട്ടത്തിൽ നമ്മുടെ സ്കൂളുകളിൽ ഇക്കാര്യങ്ങളിൽ അതീവ ശ്രദ്ധയും പ്രോത്സാഹനവും നല്കേണ്ടതുണ്ട്.

വിദ്യാലയ പ്രേഷിത മേഖല സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമാണ്. സഭയുടെ ഈ ദൗത്യത്തിൽ പങ്കാളികളാകുവാൻ സവിശേഷമാം വിധം ഭാഗ്യം ലഭിച്ചവരാണ് അദ്ധ്യാപകർ. അനേകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട് ഈ ദൗത്യത്തിനായി നിയോഗിക്കപ്പെട്ട അദ്ധ്യാപകർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യത്തേക്കുറിച്ചും ഉത്തരവാദിത്വത്തേക്കുറിച്ചും തികഞ്ഞ അവബോധത്തോടെ കർമ്മനിരതരാകുവാൻ തയ്യാറാകേണ്ടതുണ്ട്. തങ്ങളിലൂടെ വരും തലമുറയ്ക്ക് കൈമാറപ്പെടേണ്ട അറിവുകളും, ഈശ്വരവിശ്വാസവും, ശ്രേഷ്ടമായ മൂല്യങ്ങളും അതിന്റെ പൂർണ്ണതയിൽ കൈമാറപ്പെടാൻ സാധിച്ചു എന്ന് ഒരോ അദ്ധ്യാപകനും അവകാശപ്പെടാൻ സാധിക്കേണ്ടതുണ്ട്. വ്യക്തിതാല്പര്യങ്ങളെക്കാളും ആവശ്യങ്ങളെക്കാളുമുപരി സമൂഹത്തിന്റെ പുനഃസൃഷ്ടിയ്ക്ക് മുൻഗണന കൊടുക്കുവാൻ സാധിക്കുമ്പോഴാണ് ഒരുവൻ യഥാർത്ഥ അദ്ധ്യാപകനായി മാറുക. ഈ ചിന്തകളോടെ കർമ്മനിരതമായ ഒരു അദ്ധ്യയനവർഷത്തിലേയ്ക്ക് വളരെ പ്രതീക്ഷയോടെ നമുക്ക് പ്രവേശിക്കാം.

വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം കുറഞ്ഞു പോകുന്ന ഈ കാലഘട്ടത്തിൽ പഠനഗുണനിലവാരം (academic excellence) ഉയർത്തുക എന്നതായിരിക്കട്ടെ ഈ വർഷത്തെ നമ്മുടെ മുൻഗണന. എഴുതുവാനും വായിക്കുവാനും കണക്കുകൂട്ടുവാനും (3Rs- Reading Writing Arithmatic) ഉള്ള ശേഷികൾ നമ്മുടെ കുട്ടികൾ പ്രാഥമിക തലത്തിൽ തന്നെ ആർജ്ജിച്ചെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക, മദ്യത്തിന്റെയും മയക്കമരുന്നിന്റെയും സമ്മർദ്ദങ്ങളിൽ നിന്നും വിമുക്തമായ ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക, ദൈവവിശ്വാസത്തിലും മൂല്യബോധത്തിലും അടിയുറച്ച തലമുറയെ രൂപപ്പെടുത്തുക, വാർത്താവിനിമയ മാദ്ധ്യമങ്ങളുടെ അനാരോഗ്യ



പരമായ സമ്മർദ്ദങ്ങളെ വിവേചിച്ചറിയുവാൻ പ്രാപ്തരാക്കുക, പാഠ്യേതര മേഖലകളിൽ കുട്ടികളുടെ ശേഷികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക-അങ്ങനെ നമ്മുടെ സ്കൂളുകളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും എല്ലാ മേഖലകളിലും നമ്മുടെ അദ്ധ്യാപകരുടെ കൈകളിൽ സുരക്ഷിതരാണ് എന്ന് ഉറപ്പാക്കുവാൻ ഈ അദ്ധ്യയനവർഷത്തിൽ നമുക്ക് ഒത്തൊരുമയോടെ ആത്മാർത്ഥതയോടെ അദ്ധ്വാനിക്കാം. നമ്മുടെ അദ്ധ്വാനങ്ങളെ നല്ല തമ്പുരാൻ ഫലമണിയിക്കട്ടെ.

### Edn.27/15 **വിജ്ഞാനം എൽ.പി. സ്കൂളിന് പുതിയ മന്ദിരം**

മുക്കുടം വിജ്ഞാനം എൽ.പി. സ്കൂളിനായി പണിതീർത്ത മനോഹരമായ കെട്ടിടത്തിന്റെ ആശീർവ്വാദകർമ്മവും ഉദ്ഘാടനവും മെയ് 20 ന് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് നിർവ്വഹിച്ചു. മനോഹരമായ ഈ കെട്ടിടം നിർമ്മിക്കുവാൻ നേതൃത്വം കൊടുത്ത മാനേജർ ബഹു മാത്യു തടത്തിൽ അച്ചനും ആത്മാർത്ഥമായി സഹകരിച്ച ഇടവകസമൂഹത്തിനും ജനപ്രതിനിധികളായ അഡ്വ. ജോയ്സ് ജോർജ് എം.പി., ശ്രീ. ജോയി എബ്രാഹം എം.പി., ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ. എന്നിവർക്കും ആത്മാർത്ഥമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

### Edn. 28/15 **പ്ലസ് ടൂ-റിസൽട്ട്**

പ്ലസ് ടൂ പരീക്ഷയിൽ ഈ വർഷം എല്ലാ സ്കൂളുകളും ഉന്നതവിജയമാണ് കൈവരിച്ചിരിക്കുന്നത്. ഈ നേട്ടങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ച അദ്ധ്യാപകർക്ക് നന്ദിയും ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് അഭിനന്ദനങ്ങളും.

റിസൽട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## RESULT FOR THE ACADEMIC YEAR 2014-15

| Sl. No | Name of the School | Computer Science Appeard | Computer Science Passed | Pure Science Appeard | Pure Science Passed | Home Science Appeard | Home Science Passed | Commerce Appeard | Commerce Passed | Humanities Appeard | Humanities Passed | Total Appeard | Total Passed | Full A+ | Percentage |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Vellayamkudy SJHSS | 50 | 50 | 52 | 52 | | | 52 | 52 | 49 | 48 | 203 | 202 | 33 | 99.5 |
| 2 | Erattayar STHSS | 47 | 45 | 106 | 106 | | | 104 | 101 | | | 257 | 252 | 26 | 98.5 |
| 3 | Thankamany STHSS | | | 53 | 53 | | | 105 | 104 | 48 | 44 | 206 | 201 | 11 | 97.57 |
| 4 | Vazhathoppe SGHSS | 53 | 49 | 105 | 104 | | | 106 | 99 | 53 | 49 | 317 | 301 | 20 | 94.95 |
| 5 | Chemmannar SXHSS | | | 53 | 53 | 49 | 39 | 53 | 53 | 55 | 54 | 210 | 199 | 9 | 94.96 |
| 6 | Murickassery SMHSS | | | 102 | 100 | | | 107 | 94 | 52 | 47 | 261 | 241 | 23 | 92.33 |
| | **Total** | **150** | **144** | **471** | **468** | **49** | **39** | **527** | **503** | **257** | **242** | **1454** | **1396** | **122** | **96.01** |
| | **Un-Aided Schools** | | | | | | | | | | | | | | |
| 1 | Parathode SGHSS | | | 52 | 45 | | | 53 | 37 | | | 105 | 82 | | 78.09 |
| 2 | Nedumkandam SSHSS | | | 50 | 45 | 46 | 28 | | | | | 96 | 73 | | 76.04 |
| | **Other Management School** | | | | | | | | | | | | | | |
| 1 | Koompanpara | | | 110 | 108 | | | 107 | 106 | | | 217 | 214 | 24 | 98.6 |



## സോഷ്യൽ സർവീസസ്

### SS 27/15 മേലേചിന്നാർ നീർത്തട പദ്ധതി ഉദ്ഘാടനം

ഇടുക്കി ജില്ലയിലെ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി ഇരട്ടയാർ, വാത്തിക്കുടി പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന മേലേചിന്നാർ നീർത്തട പദ്ധതിയുടെ പ്രവർത്തന ഉദ്ഘാടനവും നീർത്തട ഗ്രാമസഭയും 2015 മെയ് മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ഈട്ടിത്തോപ്പ് വിജയമാതാ എൽ.പി. സ്കൂളിൽ വച്ച് ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷാജി ശൗര്യാംകുഴിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി സാബു ഉദ്ഘാടനം ചെയ്ത ഗ്രാമസഭയ്ക്ക് ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ സ്വാഗതം ആശംസിച്ചു. ഇരട്ടയാർ കൃഷി ഓഫീസർ ശ്രീ. എസ്. ശ്രീകുമാർ മുഖ്യപ്രഭാഷണം നടത്തി. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീ. കെ.ജി. ശങ്കരനാരായണൻ പദ്ധതി വിശദീകരണം നടത്തി.

ഇരട്ടയാർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ബേബി പതിപ്പള്ളിൽ, ഈട്ടിത്തോപ്പ് വിജയമാതാ ചർച്ച് വികാരി റവ. ഫാ. തോമസ് വലിയമംഗലം, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. സെബാസ്റ്റ്യൻ ജോസഫ്, SNDP ശാഖായോഗം പ്രസിഡന്റ് ശ്രീ. മുല്ലശ്ശേരി നാരായണൻ, ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസ് റിസേർച്ച് അസിസ്റ്റന്റ് ശ്രീ. ശ്രീകുമാർ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ് കെ. സോമൻ കോട്ടൂർ തുടങ്ങിയവർ പദ്ധതിയ്ക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ലൂസി ഫ്രാൻസീസിന്റെ കൃതജ്ഞതയോടെ സമ്മേളനം അവസാനിച്ചു. നീർത്തട പദ്ധതി പ്രദേശത്തെ ആളുകൾ പരിപാടിയിൽ പങ്കെടുത്തു.

SS 28/15 **ആശാരിക്കവല നീർത്തട പദ്ധതി മൂന്നാം വർഷ ഗ്രാമസഭ**

പശ്ചിമഘട്ട വികസന പദ്ധതിയുടെ സഹായത്തോടുകൂടി ഇരട്ടയാർ, നെടുംകണ്ടം, പാമ്പാടുംപാറ ഗ്രാമപഞ്ചായത്തും ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയും ചേർന്ന് നടപ്പാക്കുന്ന ആശാരിക്കവല നീർത്തട പദ്ധതിയുടെ മൂന്നാം വർഷ ഗ്രാമസഭ 2015 മെയ് 12-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് എഴുകുംവയൽ സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷാജി ശൗര്യാംകുഴിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. നെടുംകണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലീലാമ്മ ജോസഫ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന് ഇരട്ടയാർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ലില്ലിക്കുട്ടി ആന്റണി സ്വാഗതം ആശംസിച്ചു. ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ആമുഖപ്രഭാഷണം നടത്തി.

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീ. കെ.ജി. ശങ്കരനാരായണൻ പദ്ധതി വിശദീകരണം നടത്തി. പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ടോമി കരിയിലക്കുളം, നെടുംകണ്ടം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി അമ്പിളി ജോസഫ്, ശ്രീമതി പ്രിമി രാരിച്ചൻ, ഇരട്ടയാർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ബേബി പതിപ്പള്ളിൽ, ജില്ലാ പ്ലാനിംഗ് ഓഫീസ് റിസേർച്ച് അസിസ്റ്റന്റ് ശ്രീ. ശ്രീകുമാർ, എഴുകുംവയൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. സാബു മണിമലക്കുന്നേൽ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ് കെ. സോമൻ കോട്ടൂർ എന്നിവർ ഗ്രാമസഭയ്ക്ക് ആശംസകർ അർപ്പിച്ച് സംസാരിച്ചു. ഇരട്ടയാർ കൃഷി ഓഫീസർ ശ്രീ. എസ്. ശ്രീകുമാർ സമ്മേളനത്തിന് കൃതജ്ഞതയർപ്പിച്ചു.

SS 29/15 **ചക്കയുൽപ്പന്നങ്ങളുടെ ട്രെയിനിംഗ്**

താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിന് സഹായകരമാകുന്ന വിധത്തിൽ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് പച്ചചക്ക, ചക്കപ്പഴം ഇവ ഉപയോഗിച്ചുള്ള വിവിധതരം ചക്കയുൽപ്പന്നങ്ങളുടെ ട്രെയിനിംഗ് കരിമ്പൻ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.



5 ദിവസം നീണ്ടുനിന്ന ട്രെയിനിംഗിൽ 31 സ്ത്രീകൾ സംബന്ധിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്ക് നബാർഡ് ഡിസ്ട്രിക് ഡെവലപ്മെന്റ് മാനേജർ ശ്രീ. അശോക് നായർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

SS 30/15 **HDS കുടുംബ സംഗമം**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി നടത്തികൊണ്ടിരിക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും, അതിന്റെ നല്ല നടത്തിപ്പിനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമായി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയിൽ പ്രാരംഭകാലം മുതൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവരുടെ സംഗമം മെയ് മാസം 9-ാം തീയതി HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കലിന്റെ നേതൃത്വത്തിൽ HDS ഓഫീസിൽ വച്ച് നടന്നു.

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി പ്രസിഡന്റ് മോൺ. ജെയിംസ് മംഗലശ്ശേരി പങ്കെടുത്ത ഈ യോഗത്തിൽ 70 ഓളം അംഗങ്ങൾ പങ്കെടുക്കുകയും പരസ്പരം അനുഭവങ്ങൾ പങ്കുവയ്ക്കുകയും, HDS ന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തു. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ എല്ലാവരുടേയും സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും, എല്ലാവർക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു. ഉച്ചയൂണിന് ശേഷം എല്ലാവരും പിരിഞ്ഞു.

SS 31/15 **യൂണിറ്റ് വാർഷികങ്ങൾ**

**കോഴിമല:-** യൂണിറ്റ് വാർഷികം മെയ് മാസം 16-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. മാത്യു കുഴികണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി

വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകി. റവ. സി. ആൻസി SABS, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഉപ്പുതോട്:-** യൂണിറ്റ് വാർഷികം മെയ് മാസം 16-ാം തീയതി യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ഫിലിപ്പ് ഐക്കരയുടെ അദ്ധ്യക്ഷത യിൽ നടന്നു. HDS ഓഫീസ് സെക്രട്ടറി ശ്രീ. സിബി മാളിയേക്കൽ ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് പ്രവർത്തനങ്ങളെ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു. ആനിമേറ്റർ ശ്രീമതി കുഞ്ഞമ്മ തോമസും യൂണിറ്റ് ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം നൽകി.

### SS 32/15 **സേവ് എ ഫാമിലി പ്ലാൻ കുടുംബസംഗമം-'നിറവ് 2015'**

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ SAFP ബനഫിഷ്യറി സ്കീമിന്റെ കീഴിലുള്ള ഗുണഭോക്താക്കളുടെ വാർഷിക സംഗമം 'നിറവ് 2015' കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്നു. രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച സംഗമത്തിൽ 170 അംഗങ്ങൾ പങ്കെടുത്തു. HDS ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഇടുക്കി രൂപതാ വികാരി ജനറാളും HDS ന്റെ പ്രസിഡന്റുമായ മോൺ. ജെയിംസ് മംഗലശ്ശേരി ഉദ്ഘാടനം ചെയ്തു. കരിമ്പൻ സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. ജോസഫ് പൂവത്തിങ്കൽ ആശംസകൾ അർപ്പിച്ചു. റവ. സി. ബീനാ ചേറ്റാനി SABS ''കുടുംബ ഭദ്രത''യെക്കുറിച്ച് ക്ലാസുകൾ നയിച്ചു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ HDS രൂപകല്പന ചെയ്ത 'അനാമിക' എന്ന തെരുവുനാടകവും പ്രദർശിപ്പിച്ചു. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. സിജു മാത്യു, ശ്രീ. മെൽബിൻ മാത്യു, റവ. സി. ആൻസി SABS, ബ്രദർ റോണി, ആനിമേറ്റർ ശ്രീമതി കുഞ്ഞമ്മ തോമസ് ശ്രീ. സിജോ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



## ചെറുപുഷ്പ മിഷൻ ലീഗ്

### CML 23/15 **നന്ദി**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ ഡയറക്ടറായി കഴിഞ്ഞ രണ്ടു വർഷക്കാലം സുത്യർഹമായി സേവനം ചെയ്ത ബഹുമാനപ്പെട്ട ടിനോ പാറക്കടവിലച്ചന് രൂപത മിഷൻ കുടുംബത്തിന്റെ പ്രാർത്ഥനാശംസകളും നന്ദിയും അറിയിക്കുന്നു.

### CML 24/15 **സ്വാഗതം**

സി.എം.എൽ. ഇടുക്കി രൂപതയുടെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട മാത്യു അരയത്തിനാലച്ചനും ഓഫീസ് സെക്രട്ടറിയായി നിയമിതനായിരിക്കുന്ന ബ്രദർ അമൽ മണിമലക്കുന്നേലിനും രൂപത മിഷൻ കുടുംബത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്യുന്നു.

### CML 25/15 **അംഗത്വഫീസും പ്രവർത്തനഫണ്ടും**

സി.എം.എൽ. ഇടുക്കി രൂപതയുടെ ആരംഭകാലഘട്ടം മുതൽ പ്രവർത്തനഫണ്ട് കണ്ടെത്തിയിരുന്നത് സംഭാവനകൂപ്പണിലൂടെയായിരുന്നു. എന്നാൽ ഈ വർഷം മുതൽ സംഭാവനകൂപ്പൺ നിർത്തലാക്കുകയാണ്. രൂപതാതല പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഈ വർഷം മുതൽ ഓരോ സി.എം.എൽ. അംഗത്തിൽ നിന്നും അംഗത്വഫീസായി 10 രൂപയും പ്രവർത്തനഫണ്ടായി 10 രൂപയും വീതം മൊത്തം 20 രൂപ ജൂൺ 30-ന് അകം കളക്ട് ചെയ്ത് രൂപതാ പ്രവർത്തനങ്ങളോട് സഹകരിക്കുമല്ലോ. പ്രസ്തുത ഫണ്ട് രൂപത ഭാരവാഹികൾ ശാഖകളിൽ വന്ന് ജൂൺ 30-ന് അകമായി കളക്ട് ചെയ്യുന്നതാണ്.അംഗത്വഫീസും പ്രവർത്തന

ഫണ്ടും വർഷാരംഭത്തിൽ സൺഡേ സ്കൂളിന്റെ കളക്ഷനോടൊപ്പം ശേഖരിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

**CML 26/15 ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ജൂൺ 6**

2015-2016 പ്രവർത്തനവർഷത്തെ പ്രഥമ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2015 ജൂൺ മാസം 6-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് കരിമ്പൻ ബിഷപ്പ്സ് ഹൗസിൽ വച്ച് ചേരുന്നു. പ്രസ്തുത മീറ്റിംഗിലേയ്ക്ക് ബഹു. ജോ. ഡയറക്ടർ സിസ്റ്റേഴ്സിനെ പറഞ്ഞുവിടുന്ന കാര്യത്തിൽ ബഹു. ഡയറക്ടറച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**CML 27/15 ശാഖാ കൗൺസിൽ തെരഞ്ഞെടുപ്പ്**

മെയ് 30, ജൂൺ 6, 7 എന്നീ തീയതികളിൽ സൗകര്യപ്രദമായ ദിവസം ശാഖാ കൗൺസിൽ വിളിച്ചുചേർത്ത് 2015-16 പ്രവർത്തന വർഷത്തേയ്ക്കുള്ള ശാഖാ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്.

**CML 28/15 മേഖല കൗൺസിൽ**

സി.എം.എൽ ഇടുക്കി രൂപതയുടെ 12 മേഖലകളിലും ജൂൺ 13, 14 തീയതികളിലായി മേഖല കൗൺസിൽ നടത്തേണ്ടതും മേഖലയിൽ ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. മേഖല കൗൺസിലിന് രൂപത പ്രതിനിധികൾ നേതൃത്വം നല്കുന്നതായിരിക്കും.

## കെ.സി.എസ്.എൽ.

**KCSL 18/15 പുതിയ അദ്ധ്യായന വർഷത്തിന്റെ ഭാവുകങ്ങൾ**

പുതിയൊരു അദ്ധ്യായന വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. മുൻ വർഷങ്ങളിൽ വളരെ ശ്രദ്ധേയമായ നേട്ടങ്ങൾ



കൈവരിക്കാൻ നമുക്കു സാധിച്ചു. ഇതിനായി സഹകരിച്ച ഏവരേയും നന്ദിയോടെ സ്മരിക്കുന്നു. പുതിയ അദ്ധ്യായന വർഷം കെ.സി.എസ്.എൽ. ന് ശദാബ്ദിയുടേതാണ്. ദൈവവിശ്വാസത്തിലും ക്രിസ്തീയ മൂല്യങ്ങളിലും അടിയുറച്ച ഒരു തലമുറയെ രൂപപ്പെടുത്താൻ നമുക്ക് ഒറ്റക്കെട്ടായി അണിനിരക്കാം. ദൈവാനുഗ്രഹപ്രദമായ പുതിയ അദ്ധ്യായന വർഷം ആശംസിക്കുന്നു.

**KCSL 19/15 കെ.സി.എസ്.എൽ. ശദാബ്ദി വർഷം**

കെ.സി.എസ്.എൽ. സംഘടന ആരംഭിച്ചിട്ട് നൂറ് വർഷങ്ങൾ പൂർത്തിയാവുകയാണ്. കെ.സി.എസ്.എൽ. ശദാബ്ദി ആഘോഷങ്ങൾ എല്ലാ സ്കൂളുകളിലും സംഘടിപ്പിക്കാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. രൂപതാ തലത്തിലും സംസ്ഥാന തലത്തിലും നടത്തപ്പെടുന്ന വിവിധങ്ങളായ പരിപാടികളിലും പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**KCSL20/15 സംസ്ഥാന ചെയർ പേഴ്സണും എക്സിക്യൂട്ടീവ് അംഗത്തിനും അഭിനന്ദനങ്ങൾ**

തിരുവനന്തപുരം മാർ ഇവാനിയോസിൽ നടന്ന സംസ്ഥാന ക്യാമ്പിൽ കെ.സി.എസ്.എൽ. സംഘടനയുടെ ചെയർപേഴ്സണായി നമ്മുടെ രൂപതയിൽനിന്നും ഇരട്ടയാർ സെന്റ് തോമസ് എച്ച്.എസ്.എസിലെ അന്നു മരിയ ജോസ് തെരഞ്ഞെടുക്കപ്പെട്ടു. യൂ.പി. വിഭാഗം സെക്രട്ടറിയായി ഇതേ സ്കൂളിലെ ആൻജലീന ജോസും തെരഞ്ഞെടുക്കപ്പെട്ടു. ഇരുവർക്കും കെ.സി.എസ്.എൽ. കുടുംബത്തിന്റെ ആശംസകൾ.

**KCSL 21/15 ആനിമേറ്റേഴ്സ് സംഗമം 2015 ജൂൺ 27 ശനി**

ഈ വർഷത്തെ ആനിമേറ്റേഴ്സ് സംഗമം 2015 ജൂൺ 27 ശനിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തപ്പെടുന്നു. ആനിമേറ്റേഴ്സും വിദ്യാർത്ഥി ഭാരവാഹികളും കൃത്യമായും പങ്കെടുക്കാൻ ശ്രദ്ധിക്കമല്ലോ. കുട്ടികൾ ഉച്ചഭക്ഷണം കരുതേണ്ടതാണ്. സംഗമം രാവിലെ 10.00 മണിക്ക് ആരംഭിക്കും.

**KCSL 22/15 സംസ്ഥാനതല പൂർവ്വകാല പ്രവർത്തകരുടെ സംഗമവും ആനിമേറ്റേഴ്സ് കോൺഫ്രൻസും**

ശദാബ്ദിയോടനുബന്ധിച്ച് കെ.സി.എസ്.എൽ. സംഘടനയിൽ സംസ്ഥാന കമ്മിറ്റിയിൽ പ്രവർത്തിച്ച പൂർവ്വാംഗങ്ങളുടെ സമ്മേളനം 2015 ജൂൺ 12, 13 തീയതികളിൽ പി.ഒ.സി.യിൽ വച്ച് നടത്തപ്പെടുന്നു. സമ്മേളനത്തിൽ നമ്മുടെ രൂപതയിൽ നിന്നും അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുക്കുന്നു.

**KCSL 23/15 അവധിക്കാല ധ്യാനങ്ങൾ**

രൂപതയിലെ കെ.സി.എസ്.എൽ. സംഘടനയുടെ നേതൃത്വത്തിൽ അവധിക്കാല ധ്യാനങ്ങൾ നടത്തപ്പെട്ടു. ഏപ്രിൽ 24-30 വരെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗത്തിനും മെയ് 17-21 വരെ എൽ.പി., യൂ.പി. വിഭാഗം കുട്ടികൾക്കുമായി പടമുഖം സ്നേഹമന്ദിരത്തിലാണ് ധ്യാനം സംഘടിപ്പിച്ചത്.

## കെ.സി.വൈ.എം.

**KCYM 33/15 നന്ദി**

മൂന്നു വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം കെ.സി.വൈ.എം. ഡയറക്ടർ സ്ഥാനത്തുനിന്നും വിരമിക്കുന്ന ബഹു. ജോസഫ് പൗവ്വത്തിലച്ചന് കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**KCYM 34/15 സ്വാഗതം**

കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ പുതിയ അമരക്കാരനായി ചാർജ്ജെടുത്ത ബഹു. ഫ്രാൻസീസ് അമ്പലത്തിങ്കലച്ചന് സ്നേഹോഷ്മളമായ സ്വാഗതം.



## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**MVS 6/15 കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ വാർത്തകൾ**

ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചുകേരളത്തെ പൂർണ്ണമായും മദ്യവിമുക്തമാക്കുന്നതിനുവേണ്ടിയുള്ള കത്തോലിക്കാസഭയുടെ പരിശ്രമങ്ങൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാനകമ്മറ്റി കൂടുതൽ ശക്തമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. എറണാകുളം റിന്യൂവൽ സെന്ററിൽ മെയ്മാസം 18,19 തീയതികളിൽ നടന്ന നേതൃത്വ പരിശീലന പരിപാടിയിൽ മദ്യപാനം ഉൾപ്പെടെയുള്ള സാമൂഹ്യ തിന്മകൾക്കെതിരെ നിരന്തരം പോരാടാനും പ്രാർത്ഥിക്കുവാനും സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു. വിശ്വാസികൾ ഏവരും ഐക്യത്തോടെ, സ്നേഹത്തോടെ ഇടവകാതലത്തിൽ ഒരുമിക്കുന്നതിനും, ധ്യാനങ്ങളുടെയും കൺവൻഷനുകളുടെയുമെല്ലാം ഉണർവ്വിന്റെ ചൈതന്യത്തിൽ പരിശുദ്ധാത്മ അഭിഷേകത്തികവിൽ ഊർജ്ജസ്വലതയോടെ കർമ്മനിരതരാകണം. നേരെമറിച്ച് നമ്മൾ നിസ്സംഗതാമനോഭാവം പുലർത്തിയാൽ അതിനേറെ വില കൊടുക്കേണ്ടി വരുമെന്ന് സംസ്ഥാന നേതാ ക്കൾ മുന്നറിയിപ്പ് നൽകി.

**MVS 7/15 ഫൊറോനാതല ജാഗ്രതാസമിതി രൂപീകരണ ഉദ്ഘാടനം**

രൂപതയിലെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധസമിതികൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഫൊറോനാതലത്തിലുള്ള ഉദ്ഘാടനം വെള്ളയാംകുടി സെന്റ് ജെറോംസ് ഇടവകയിൽ ഫാ. ജോസ് പ്ലാച്ചിക്കൽ 24-05-2015 ൽ ഉദ്ഘാടനം ചെയ്തു. സഭയും സമൂഹവും മദ്യവിമുക്തമാക്കുക എന്ന പുണ്യപ്രവൃത്തിയിൽ പങ്കുകാരാകുന്നതിൽ ഏവർക്കും അഭിമാനിക്കാം.

**MVS 8/15 വിപുലമായ പ്രവർത്തക കൺവൻഷൻ**

ആദ്യകാലങ്ങളിൽ ഇടുക്കി രൂപതിയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്നവരെയും പുതുതായി ഇടവകകളിൽ നിന്നും കണ്ടെത്തുന്ന ഭാരവാഹികളെയും വൈദികരെയും സിസ്റ്റേഴ്സിനെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ പ്രവർത്തക കൺവൻഷൻ രൂപതാ ഭാരവാഹികൾ ആസൂത്രണം ചെയ്തുവരുന്നു. ഇതിന്റെ വിജയത്തിനായി ഏവരുടെയും പ്രാർത്ഥനാ പിന്തുണ ആവശ്യമാണ്.

**MVS 9/15 വിദ്യാർത്ഥികളുടെ പങ്കാളിത്തം**

സാഹിത്യമത്സരങ്ങൾ ഈ വർഷം നേരത്തെ നടത്തുന്നതിനും അതിനായി പ്രസംഗ ഉപന്യാസ മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ ആന്റി ഡ്രഗ്സ് സ്റ്റുഡന്റ്സ് ഫെഡറേഷൻ ( ADSF) അംഗങ്ങൾ ആയിരിക്കണമെന്നും സംസ്ഥാന കമ്മറ്റി നിർദ്ദേശിച്ചിരിക്കുന്നു. ജൂൺ 26-ന് അന്തരാഷ്ട്ര ലഹരിവിരുദ്ധദിനം പ്രമാണിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് കേന്ദ്രങ്ങളിലും ലഹരിവിരുദ്ധ അസംബ്ലി സന്ദേശങ്ങൾ ADSF-ന്റെ നേതൃത്വത്തിൽ നൽകേണ്ടതാണ്. എല്ലാ സ്കൂളുകളിലും ജൂൺ മാസത്തിൽത്തന്നെ ADSF രൂപീകരിക്കണം. അതിനായി സ്കൂൾ അധികൃതർ കുട്ടികളെ ഒരുക്കണം.

## ഫാമിലി അപ്പസ്തോലേറ്റ്

**FA 8/15 വിവാഹ ഒരുക്ക ധ്യാനം**

ജൂൺ - 15-17

ജൂൺ - 29 - ജൂലൈ 2

**ഏലീശ്വാ ധ്യാനം**

ജൂലൈ - 22-23



## ആത്മജ്യോതിയിലെ പരിപാടികൾ

| | | |
|---|---|---|
| ജൂൺ 2015 | 07-13 - | എഫാത്താ ധ്യാനം |
| | 13-14 - | തിയോളജി കോഴ്സ് |
| | 15-18 - | വിവാഹ ഒരുക്ക സെമിനാർ |
| | 21-23 - | തപസ്സ് ധ്യാനം |
| | 29-ജൂലൈ 02 - | വിവാഹ ഒരുക്ക സെമിനാർ |

## കുടുംബക്കൂട്ടായ്മ

**SCC 23/15 കുടുംബ കൂട്ടായ്മ ലോകത്തിന്റെ ഉപ്പും, പുളിമാവും, പ്രകാശവും**

ലോകത്തിന്റെ ഉപ്പും, പുളിമാവും, പ്രകാശവും എന്ന നിലയിൽ സാർവ്വത്രികസഭ ദൃശ്യരൂപത്തിൽ പ്രകാശിതമാകുന്നത് കുടുംബ കൂട്ടായ്മകളിലാണ്. വിവിധ പ്രാദേശിക സഭകളുടെ കൂട്ടായ്മയാണ് സാർവ്വത്രിക സഭ.

കൂട്ടായ്മ ജീവിതത്തിൽ നമ്മെ ശക്തിപ്പെടുത്തിയും വളർത്തിയും മുമ്പോട്ടു നയിക്കുന്നത് ദൈവ വചനമാണ്. വചനത്തോടൊപ്പം നൂറ്റാണ്ടുകളിലൂടെ അനുഭവിച്ചറിഞ്ഞ ജീവിത സാക്ഷ്യങ്ങൾ സഭയുടെ സമ്പത്തും തലമുറകളുടെ ആവേശവുമാണ്. സഭയുടെ പിതാക്കന്മാരും വിശുദ്ധരും നമുക്ക് പ്രചോദനമായിരുന്നു.

ആനുകാലിക പ്രശ്നങ്ങളാൽ വഴിമുട്ടി നിൽക്കാതെ ധൈര്യമായി മുന്നോട്ടു നീങ്ങുവാൻ സാർവ്വത്രിക സഭയുടെ പ്രബോധനങ്ങൾ എപ്പോഴും നമ്മെ സഹായിക്കുന്നു. നൂറുകോടിയിലധികം വരുന്ന ജനസമൂഹത്തെ ഒരു മേലദ്ധ്യക്ഷന്റെ കീഴിൽ ഒരേ വിശ്വാസത്തിൽ, ഒരേ കൂട്ടായ്മയിൽ മുമ്പോട്ടു നയിക്കുന്ന ഒരു വ്യവസ്ഥിതി കത്തോലിക്കാ സഭയിലല്ലാതെ മറ്റെങ്ങുമില്ല.

ആ സഭയുടെ ചെറുപതിപ്പുകളായ കുടുംബ കൂട്ടായ്മകൾ നമ്മുടെ ഇടവകകളിൽ സജ്ജമാകുവാൻ എത്രമാത്രം ത്യാഗം എടുത്താലും അധികമാവില്ല. ഇടവകയുടെ അജപാലനം എളുപ്പ മാക്കി തീർക്കുന്ന കുടുംബ കൂട്ടായ്മ എല്ലാ വൈദികർക്കും ഒരു ജീവശ്വാസം പോലെ ആകട്ടെ.

**SCC 24/15 കുടുംബ കൂട്ടായ്മക്ക് പുതിയ ഡയറക്ടർ**

ഇടുക്കി രൂപതാ കുടുംബ കൂട്ടായ്മയുടെ പുതിയ ഡയറ ക്ടറായി ബഹുമാനപ്പെട്ട ജോർജ് കരിവേലിക്കൽ അച്ചൻ നിയമിതനായിരിക്കുന്നു. കുടുംബ കൂട്ടായ്മ കുടുബത്തിൽ നിന്നും ആശംസകളും പ്രാർത്ഥനകളും.

**SCC 25/15 നന്ദി**

കഴിഞ്ഞ നാലു വർഷക്കാലം രൂപതയിലെ കുടുംബ കൂട്ടാ യ്മ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട സെബാൻ മേലേട്ടച്ചന് നന്ദിയുടെ നറുമലരുകൾ.

## കേരള ലേബർ മൂവ്മെന്റ്

**KLM 26/15 വിദ്യാർത്ഥികളെ അദരിക്കൽ**

കേരള ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ SSLC, +2 പരിക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ വാങ്ങിയ ഇടുക്കി രൂപതാതിർത്തിയിലുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ അനുമോദിക്കുന്നു. ജൂൺ 20 ന് രാവിലെ 11.00 മണിക്ക് തോപ്രാംകുടി യുവറാണി ഓഡിറ്റോറിയത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം ഇടുക്കി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യും. രൂപതാ പ്രസിഡന്റ് ജോർജ്



അമ്പഴം, വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരി, എഡ്യു ക്കേഷൻ സെക്രട്ടറി ഫാ. ജോസഫ് കരിവേലിക്കൽ, AKCC രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ, ഫാ. ജെയിംസ് ശൗര്യാംകുഴി തുടങ്ങിയവർ സംസാരിക്കും.

**KLM 27/15 തൊഴിലാളി സംഗമം**

കേരള ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ തൊഴിലാളി സംഗമം ജൂൺ 20 ന് തോപ്രാംകുടിയിൽ നടക്കും. തൊഴിൽ മേഖലയിൽ കൂടുതൽ മികവ് പുലർത്തിയ വ്യക്തികളെ യോഗത്തിൽ ആദരിക്കും.

**KLM 28/15 ഫാം ഫ്രണ്ട്സ് ഉദ്ഘാടനം**

കേരള ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഫാം ഫ്രണ്ട്സിന്റെ ഉദ്ഘാടനം ജൂൺ 20 ന് നടക്കും. കാടുവെട്ട്-ചെത്ത് ജോലികൾക്ക് മണിക്കൂറിന് 50 രൂപയും, കുഴിയെടുക്കലിന് 60 രൂപയും, ചുമടിന് 70 രൂപയും ആണ് പണിക്കൂലി. തുടർച്ചയായ 4 മണിക്കൂറാണ് ഒരു ദിവസം ജോലി ചെയ്യുന്ന സമയം. ജോലിക്കാരെ ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടണം - 9495125585.

**KLM 29/15 പഠനോപകരണ വിതരണം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**KLM 30/15 ഫാം ഫ്രണ്ട്സ് ഭാരവാഹികൾ**

കെ.എൽ.എം. ഫാം ഫ്രണ്ട്സ് ഭാരവാഹികളായി പ്രസിഡന്റ് പ്രസന്ന അനിൽ ചന്ദനപ്പാറയിൽ, സെക്രട്ടറി വിലാസിനി കരിപ്പറ മ്പിൽ, വൈസ് പ്രസിഡന്റ് ഡെയ്സമ്മ ചേന്നിക്കുന്നേൽ, ജോ. സെക്രട്ടറി വത്സമ്മ തേവരുപറമ്പിൽ, ട്രെഷറർ ലിസി ബേബി കാഞ്ഞിരത്തുങ്കൽ എന്നിവരെ തെരഞ്ഞെടുത്തു.

# അറിയിപ്പുകൾ

## മെഡിക്കൽ സർവീസസ്

### ജനറൽ നഴ്സിംഗ് പാരാമെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

നമ്മുടെ രൂപതാവക കരുണ നഴ്സിംഗ് സ്കൂളിൽ 3 വർഷ ജനറൽ നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പ്രോസ്പക്റ്റസും അപേക്ഷാ ഫോമും സ്കൂൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഏതെങ്കിലും ഗ്രൂപ്പെടുത്ത് +2 പാസ്സായ പെൺകുട്ടികൾക്ക് അപേക്ഷിക്കാം. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ National Development Agency നടത്തുന്ന BSS കോഴ്സുകളായ ഫാർമസ്സി അസിസ്റ്റന്റ് (one year), മെഡിക്കൽ ലാബ് ടെക്നോളജി (one year) എന്നീ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷനും ആരംഭിച്ചിരിക്കുന്നു. പത്താം ക്ലാസ്സോ ഉപരിവിദ്യാഭ്യാസമോ ഉള്ള പെൺകുട്ടികൾക്ക് അപേക്ഷിക്കാം. ഈ വിവരങ്ങൾ പള്ളികളിൽ അറിയിക്കുകയും പ്രോത്സാഹനം നല്കി കുട്ടികളെ പറഞ്ഞയക്കുകയും ചെയ്യുമല്ലോ.

എന്ന്, ഡയറക്ടർ : 9961152219, 04868-233935, 233925

## പുതിയ സാരഥികൾ

### CONGREGATION OF SAMARITAN SISTERS
**Snehodaya Provincial House, Mannuthy**

| | | |
|---|---|---|
| Rev. Sr. Annie Thomasia CSS | - | Provincial Superior |
| Rev. Sr. Sophia CSS | - | Assistant Provincial |
| Rev. Sr. Mary Melani CSS | - | 2nd Councillor |
| Rev. Sr. Lucy Mathew CSS | - | 3rd Councillor cum Secretary |
| Rev. Sr. Tresa CSS | - | 4th Councillor |
| Rev. Sr. Mercy CSS | - | Provincial Treasurer |



### CONVENTUAL FRANCISCAN FRIARS
**Province of St. Maximilian Kolbe, India**

| | | |
|---|---|---|
| Fr. Leo Payyappilly OFMConv. | - | Minister Provincial |
| Fr. Michael Earaly OFMConv. | - | Vicar Provincial |
| Fr. Damian Veliyil OFMConv. | - | Province Secretary |
| Fr. Varghese Puthussery OFMConv. | - | Counsellor |
| Fr. Angelo Chully OFMConv. | - | Counsellor |

### SOCIETY OF KRISTU DASIS (S.K.D.)
**Kristudasi Generalate, Thonichal**

| | | |
|---|---|---|
| Rev. Sr. Alice Palackal SKD | - | Sister General |
| Rev. Sr. Merly Manjappallil SKD | - | General Councillors |
| Rev. Sr. Celeena Kattikoottil SKD | - | General Councillors |
| Rev. Sr. Jessy Paul Madathiparambil SKD | - | General Councillors |
| Rev. Sr. Lissy Manjappallil SKD | - | General Councillors |
| Rev. Sr. Elsy Kalliyattu SKD | - | General Procurator |
| Rev. Sr. Lissmaria Nelliyaniyil SKD | - | General Secretary |



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ് 2015**

01 കൈലാസപ്പാറ കപ്പേളയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

02 വെള്ളയാംകുടി എഫ്.സി.സി. മഠം വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ചു.

* ദൈവംമേട്ടിൽ ദൈവാലയ കൂദാശകർമ്മം നിർവ്വഹിച്ചു.

03 അടിമാലി സെന്റ് ജൂഡ് പള്ളിയിൽ അരിമറ്റത്തിൽ അപ്പു - ജൂബി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

04 പഴയരിക്കണ്ടം പള്ളിയിൽ ബഹു. മ്ശംശാന സിജു വെള്ളിയാം തടത്തിലിന് വൈദികപട്ടം നൽകി.

05 ക്രിസ്തുജ്യോതി പാസ്റ്ററൽ സെന്ററിൽ നടത്തിയ സ്കൂൾ മാനേജർമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

07 ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായി സെന്റ് ജോർജ് കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

09 സെന്റ് ജോർജ് കത്തീഡ്രലിൽ എസ്.എച്ച്. സന്യാസിനികളുടെ പ്രഥമ-നിത്യവ്രതവാഗ്ദാന ശുശ്രൂഷയിൽ കാർമ്മികത്വം വഹിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

* ഞരളക്കാട്ട് കുടുംബ സംഗമത്തിൽ പങ്കെടുത്തു.

09-10 ജോർജിയാർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

11 കുടുംബ സംഗമം

12 മൈനർ സെമിനാരിയിൽ നടത്തിയ മേജർ സെമിനാരിക്കാരുടെ സംഗമത്തിൽ സന്ദേശം നൽകി.

13 രാമനാഥപുരത്ത് വൈദികർക്കൊപ്പം വിനോദയാത്ര നടത്തി.



14 മൈനർ സെമിനാരിയിൽ 5 വൈദിക വിദ്യാർത്ഥികൾക്ക് വൈദിക വസ്ത്രം നൽകി.

16-17 കുരിശുപാറ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

18 എല്ലക്കല്ല് ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിച്ചു.

19 ഭൂമിയാംകുളത്ത് സെന്റ് മർത്താസ് സിസ്റ്റേഴ്സിന്റെ മഠം വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ചു.

* മേരിലാന്റ് ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിച്ചു.

20 അറക്കുളത്ത് ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു.

* മുക്കുടത്ത് പുതിയതായി നിർമ്മിച്ച സ്കൂൾ വെഞ്ചരിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

21 മുതലക്കോടം പള്ളിയിൽ സാൽവിൻ-നീനു ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

23 ഇരട്ടയാർ എഫ്.സി.സി. മഠത്തിന്റെ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

24 നെടുംകണ്ടം ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പുതിയതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ല് വെഞ്ചരിക്കുകയും, പുതിയ സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും, പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

28 എറണാകുളത്ത് റിന്യൂവൽ സെന്ററിൽ കുടുംബ കൂട്ടായ്മ രൂപതാ ഡയറക്ടറന്മാരുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

30 അടിമാലി ആത്മജ്യോതിയിൽ വിൻസന്റ് ഡിപോൾ ഭാരവാഹികളുടെ സമ്മേളനത്തിൽ സന്ദേശം നൽകി.

31 ആനച്ചാൽ സെന്റ് ജോർജ് ദൈവാലയത്തിൽ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

# BISHOP'S ENGAGEMENTS

**June 2015**

| Place | Programme | Time |
|---|---|---|
| 03-04 Muvattupuzha | Monthly Recollection | |
| 06 Karimban | Vanitha Vedhi | |
| 07 Vellayamkudy | | |
| 09 Adimali | Presbyterium | |
| 10-11 | KCBC | |
| 13 | Religious Convention | |
| 14 Kakkanadu | | |
| 20 Thoprankudy | | |

